# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## രാമങ്കരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.എൽ.പി-പി 10/348/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 26/04/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
രാമങ്കരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എ.എൽ.പി-പി 10/348/2021 തീയ്യതി: 26/04/2021

## ആലപ്പുഴ ജില്ലയിലെ രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 28-02-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട.ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു.സി.ജോർജ്ജ് | ഡെപ്യൂട്ടി ഡയറക്ടർ | 05-03-2021 | 17-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-03-2021 | 17-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സാബു.പി.ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)
ശ്രീ.രാജേഷ് കെ.ജി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ശ്രീദേവി. ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.പ്രീത,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഡി.മഞ്ജു | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ.അനിൽകുമാർ എസ് | സെക്രട്ടറി | 01-04-2019 | 14-07-2019 |
| ശ്രീ.വി.എം.സജി | സെക്രട്ടറി | 15-07-2019 | 31-03-2020 |
| ശ്രീമതി.റ്റി.നളിനി(ധനകാര്യം) | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |
| ശ്രീമതി.ബിന്നിമോൾ(വികസനകാര്യം) | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |
| ശ്രീ.വിഷ്ണു വിജയൻ(ക്ഷേമകാര്യം) | ചെയർമാൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.അന്നമ്മ(ആരോഗ്യ വിദ്യാഭ്യാസം) | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനിൽകുമാർ ബി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.വിവേക് വി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.പൂർണ്ണിമ റ്റി.എ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.ബിന്ദു ഇ.ആർ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.ചിന്നത്തുര | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി.ആതിര എസ്.കുറുപ്പ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.റോസമ്മ കെ.ബി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.ഉദയകുമാർ സി | ഹെഡ് മാസ്റ്റർ,ഗവ.യു.പി.സ്കൂൾ | 01-04-2019 | 31-03-2020 |
| ശ്രീമതി.ശിവ രവി | അസി.എഞ്ചിനിയർ,എൽ.എസ്.ജി.ഡി | 01-04-2019 | 28-11-2019 |
| ശ്രീ.ജോർജ്ജ് എം.വർഗ്ഗീസ് | അസി.എഞ്ചിനിയർ,എൽ.എസ്.ജി.ഡി | 29-11-2019 | 18-02-2020 |
| ശ്രീമതി.ലില്ലിക്കുട്ടി കെ.എം | അസി.എഞ്ചിനിയർ,എൽ.എസ്.ജി.ഡി | 19-02-2020 | 31-03-2020 |
| ശ്രീമതി.രാജി ആർ നായർ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ജെസ്സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| വർഗ്ഗീസ് | | | |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.Sabu (Audit Officer (HG), On 18-03-2021)<br>Last Updated By: Sabu C George (Deputy Director, On 26-03-2021) | 1-1 |
| 2 | ബജറ്റ്<br>Written By: P.Sabu (Audit Officer (HG), On 18-03-2021)<br>Last Updated By: Sabu C George (Deputy Director, On 26-03-2021) | 1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Rajesh K.G (Asst. Audit Officer, On 14-03-2021)<br>Last Updated By: Sabu C George (Deputy Director, On 22-03-2021) | 1-2 |
| 4 | രജിസ്റ്ററുകൾ കാലികമാക്കാത്തതിനാൽ വാർഷിക കണക്കുകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല<br>Written By: Rajesh K.G (Asst. Audit Officer, On 17-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 31-03-2021) | 1-2-1 |
| 5 | വാർഷിക കണക്കുകൾ- എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Rajesh K.G (Asst. Audit Officer, On 14-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 29-03-2021) | 1-2-2 |
| 6 | വാർഷിക കണക്കുകളിലെ ന്യൂനതകൾ<br>Written By: Rajesh K.G (Asst. Audit Officer, On 18-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 29-03-2021) | 1-2-3 |
| 7 | സാമ്പത്തിക വിശകലനം( റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)<br>Written By: Rajesh K.G (Asst. Audit Officer, On 14-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 14-03-2021) | 1-3 |
| 8 | ഫണ്ട് വിനിയോഗം<br>Written By: Rajesh K.G (Asst. Audit Officer, On 17-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 29-03-2021) | 1-4 |
| 9 | പദ്ധതി അവലോകനം.<br>Written By: Sreedevi.R (Senior Grade Auditor, On 20-03-2021)<br>Last Updated By: Sreedevi.R (Senior Grade Auditor, On 20-03-2021) | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rajesh K.G (Asst. Audit Officer, On 18-03-2021)<br>Last Updated By: Sabu C George (Deputy Director, On 26-03-2021) | 1-6 |
| 11 | ക്ഷേമപദ്ധതികൾ<br>Written By: Sreedevi.R (Senior Grade Auditor, On 17-03-2021)<br>Last Updated By: Sreedevi.R (Senior Grade Auditor, On 17-03-2021) | 1-7 |
| 12 | ക്യാഷ് പരിശോധന<br>Written By: Preetha (Auditor, On 05-03-2021)<br>Last Updated By: Sabu C George (Deputy Director, On 22-03-2021) | 1-8 |
| 13 | ആഭ്യന്തരനിയന്ത്രണം<br>Written By: P.Sabu (Audit Officer (HG), On 18-03-2021)<br>Last Updated By: Sabu C George (Deputy Director, On 27-03-2021) | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.Sabu (Audit Officer (HG), On 18-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 31-03-2021) | 1-10 |
| 15 | അങ്കണവാടികളുടെ പ്രവർത്തനം -അവലോകനം<br>Written By: Rajesh K.G (Asst. Audit Officer, On 18-03-2021)<br>Last Updated By: P.Sabu (Audit Officer (HG), On 30-03-2021) | 1-11 |
| 16 | ഗ്രാമസഭകളുടെ പ്രവർത്തനം -അവലോകനം<br>Written By: Rajesh K.G (Asst. Audit Officer, On 13-03-2021)<br>Last Updated By: Sabu C George (Deputy Director, On 27-03-2021) | 1-12 |

| | | |
|---|---|---|
| 17 | ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ<br>Written By: P.Sabu (Audit Officer (HG), On 05-03-2021)<br>Last Updated By: Sabu C George (Deputy Director, On 27-03-2021) | 1-13 |
| 18 | ദുരന്ത നിവാരണ പദ്ധതി പ്രവർത്തനങ്ങൾ- തുടർനടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Rajesh K.G (Asst. Audit Officer, On 17-03-2021)<br>Last Updated By: Sabu C George (Deputy Director, On 27-03-2021) | 1-14 |
| 19 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല<br>Written By: Rajesh K.G (Asst. Audit Officer, On 17-03-2021)<br>Last Updated By: Sabu C George (Deputy Director, On 27-03-2021) | 1-15 |
| 20 | ജനറൽ കമ്മിറ്റി തീരുമാനങ്ങൾ യഥാസമയം നടപ്പിലാക്കുന്നതിൽ വീഴ്ച<br>Written By: P.Sabu (Audit Officer (HG), On 16-03-2021)<br>Last Updated By: Sabu C George (Deputy Director, On 27-03-2021) | 1-16 |
| 21 | വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് പരിശോധന- നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിലെ വീഴ്ചകൾ-<br>Written By: P.Sabu (Audit Officer (HG), On 16-03-2021)<br>Last Updated By: Sabu C George (Deputy Director, On 27-03-2021) | 1-17 |
| 22 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് -അപാകതകൾ<br>Written By: Preetha (Auditor, On 05-03-2021)<br>Last Updated By: P.Sabu (Audit Officer (HG), On 29-03-2021) | 1-18 |
| 23 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Preetha (Auditor, On 17-03-2021)<br>Last Updated By: P.Sabu (Audit Officer (HG), On 17-03-2021) | 1-19 |
| 24 | രജിസ്റ്റർ സൂക്ഷിപ്പിലെ ന്യൂനതകൾ<br>Written By: Sreedevi.R (Senior Grade Auditor, On 17-03-2021)<br>Last Updated By: Sabu C George (Deputy Director, On 27-03-2021) | 1-20 |
| 25 | തുക മുൻകൂറായി നൽകിയിട്ടും കമ്പ്യൂട്ടറും പ്രിന്ററും നാളിതുവരെയായും ലഭിച്ചിട്ടില്ല<br>Written By: Rajesh K.G (Asst. Audit Officer, On 17-03-2021)<br>Last Updated By: Sabu C George (Deputy Director, On 27-03-2021) | 1-21 |
| 26 | ഡെപ്പോസിറ്റ് പ്രവൃത്തി- പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല<br>Written By: Rajesh K.G (Asst. Audit Officer, On 17-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 29-03-2021) | 1-22 |
| 27 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- വിനിയോഗ രേഖകളില്ല-<br>Written By: P.Sabu (Audit Officer (HG), On 18-03-2021)<br>Last Updated By: Sabu C George (Deputy Director, On 27-03-2021) | 1-22(1) |
| 28 | എസ്.എസ്.എ -വിനിയോഗ വിവരം ലഭ്യമല്ല<br>Written By: Rajesh K.G (Asst. Audit Officer, On 17-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 29-03-2021) | 1-23 |
| 29 | ഫർണ്ണീച്ചർ വാങ്ങൽ -പ്രോജക്ടിലെ അപാകതകൾ<br>Written By: Rajesh K.G (Asst. Audit Officer, On 17-03-2021)<br>Last Updated By: Sabu C George (Deputy Director, On 27-03-2021) | 1-24 |
| 30 | ഗെയിംസ് ഫെസ്റ്റിവൽ- പ്രോജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ<br>Written By: Rajesh K.G (Asst. Audit Officer, On 18-03-2021)<br>Last Updated By: Sabu C George (Deputy Director, On 27-03-2021) | 1-25 |
| 31 | പുസ്തകങ്ങളുടെ സ്റ്റോക്ക്, വിതരണ രേഖൾ ലഭ്യമല്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Rajesh K.G (Asst. Audit Officer, On 18-03-2021)<br>Last Updated By: Sabu C George (Deputy Director, On 27-03-2021) | 1-26 |
| 32 | നിശ്ചിത തീയതിക്കകം കരാർ വെയ്ക്കാത്തവരിൽ നിന്നും | 1-27 |

| | | |
|---|---|---|
| | പിഴ ഈടാക്കിയില്ല-<br>Written By: P.Sabu (Audit Officer (HG), On 17-03-2021)<br>Last Updated By: Sabu C George (Deputy Director, On 27-03-2021) | |
| 33 | ടാർ വീപ്പയുടെ വില ഈടാക്കിയില്ല-<br>Written By: P.Sabu (Audit Officer (HG), On 17-03-2021)<br>Last Updated By: Sabu C George (Deputy Director, On 27-03-2021) | 1-28 |
| 34 | പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച്<br>Written By: P.Sabu (Audit Officer (HG), On 18-03-2021)<br>Last Updated By: Sabu C George (Deputy Director, On 27-03-2021) | 1-29 |
| 35 | ലാപ്ടോപ്പുകൾ വാങ്ങിയതിന് ബിൽ തുകയെക്കാൾ അധികം വില നൽകി<br>Written By: Sreedevi.R (Senior Grade Auditor, On 18-03-2021)<br>Last Updated By: Sabu C George (Deputy Director, On 27-03-2021) | 1-30 |
| 36 | ലൈഫ് മിഷൻ വായ്പാതിരിച്ചടവ്- വികസനഫണ്ട് എസ്.സി.പി.യിൽ നിന്നും ഉറവിടത്തിൽ കുറവ് ചെയ്തു<br>Written By: Sreedevi.R (Senior Grade Auditor, On 18-03-2021)<br>Last Updated By: Sabu C George (Deputy Director, On 27-03-2021) | 1-31 |
| 37 | ലൈഫ് ഭവന പദ്ധതി- അവലോകനം<br>Written By: Sreedevi.R (Senior Grade Auditor, On 18-03-2021)<br>Last Updated By: Sabu C George (Deputy Director, On 27-03-2021) | 1-32 |
| 38 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം<br>Written By: Rajesh K.G (Asst. Audit Officer, On 18-03-2021)<br>Last Updated By: Sabu C George (Deputy Director, On 27-03-2021) | 1-34 |
| 39 | അങ്കണവാടി പോഷകാഹാര പദ്ധതി- 2.5 ലക്ഷത്തിനുമേലുള്ള വാങ്ങലിന് ജി.എസ്.റ്റി. ഉറവിടത്തിൽ നിന്നും ഈടാക്കിയില്ല<br>Written By: Rajesh K.G (Asst. Audit Officer, On 18-03-2021)<br>Last Updated By: Sabu C George (Deputy Director, On 27-03-2021) | 1-35 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ടാർവീപ്പയുടെ വില ഈടാക്കിയില്ല<br>Written By: P.Sabu (Audit Officer (HG), On 19-03-2021)<br>Last Updated By: Sabu C George (Deputy Director, On 27-03-2021) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sreedevi.R (Senior Grade Auditor, On 17-03-2021)<br>Last Updated By: Sabu C George (Deputy Director, On 29-03-2021) | 4-1 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 07.02.2019 തീയതിയിലെ 1 (2) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 89091474 | 85062500 |
| വാർഷിക കണക്ക് പ്രകാരം | 31811527 | 31279389 |

## 1-1 ബജറ്റ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാംവകുപ്പ്, ഉപവകുപ്പ് (1) അനുസരിച്ച്, ഈ നിയമത്തിലെ 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും, അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്കുണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദേശങ്ങൾ ഓരോ വർഷവും ജനവരി 15 ന് മുൻപായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും, അതതുവിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും, അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. അതിൻ പ്രകാരം ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ഒഴികെയുള്ളവ മേൽ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ട്. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മിനിട്ട്സ് പ്രകാരം 19-01-2019 ൽ മാത്രമാണ് ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് വേണ്ടിയുള്ള കമ്മിറ്റി കൂടിയിട്ടുള്ളത്.

ടി വകുപ്പിലെ (2)-ാം ഉപവകുപ്പ് പ്രകാരം ബജറ്റിൽ കാണിച്ചിട്ടുള്ള നീക്കിയിരുപ്പ് നടപ്പ് വർഷത്തെ മതിപ്പ് വരവിൽ എൻഡോവ്മെന്റുകളിലും, സർക്കാർ ഗ്രാന്റുകളിലും, അംശാദായങ്ങളിലും ഋണശീർഷകങ്ങളിലും നിന്നുള്ള വരവുകൾ എന്നിവ ഒഴികെയുള്ളതിന്റെ അഞ്ച് ശതമാനത്തിൽ കുറയാൻ പാടുള്ളതല്ല. 07-02-19 ലെ 1- ാം നമ്പർ തീരുമാനം പ്രകാരം പാസ്സാക്കിയിട്ടുള്ള 2019-20 ലെ ബഡ്ജറ്റ് പ്രകാരം ആകെ വരവ് 83568525/- രൂപയും നീക്കിയിരുപ്പ് 4028974/-രൂപയുമാണ്.

ടി വകുപ്പിലെ (3)-ാം ഉപവകുപ്പ് പ്രകാരം വരവുകളുടെ മതിപ്പ് സവിസ്താരവും, വാസ്തവികവും ആയിരിക്കേണ്ടതും മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ഈ ഗ്രാമപഞ്ചായത്തിന്റെ 2019-20 ലെ ബഡ്ജറ്റ് ടി വ്യവസ്ഥകൾ പാലിക്കാതെയാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് ചുവടെ ചേർത്തിട്ടുള്ള കണക്കുകൾ കാണിക്കുന്നു.

| ഇനം | ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള വരവ് | ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള ചെലവ് | വാർഷിക കണക്ക് പ്രകാരമുള്ള വരവ് | വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് | വ്യതിയാനത്തിന്റെ ശതമാനം |
|---|---|---|---|---|---|
| തൊഴിൽ നികുതി(ജീവനക്കാർ) | 1000000 | | 687980 | | 31 |
| കെട്ടിട നികുതി (റസിഡൻഷ്യൽ) | 1000000 | | 821588 | | 18 |
| തൊഴിൽ നികുതി(സ്ഥാപനങ്ങൾ) | 225000 | | 150000 | | 33.33 |
| ലൈസൻസ് ഫീസ് | 75000 | | 120460 | | 160 |
| ജില്ലാ പഞ്ചായത്ത് വിഹിതം (സംയോജിത പദ്ധതി) | 1200000 | | 200000 | | 83.33 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം (സംയോജിത പദ്ധതി) | 500000 | | 299997 | | 40 |
| വൈദ്യുതി ചാർജ്ജ് | | 85000 | | 61 | 99.93 |

| | | | | | |
|---|---|---|---|---|---|
| (ഓഫീസ്) | | | | | |
| വൈദ്യുതി ചാർജ്ജ് (വിട്ടുകിട്ടിയ സ്ഥാപനങ്ങൾ) | | 160000 | | 59168 | 63 |
| ശുചിത്വ ചെലവുകൾ | | 50000 | | 130000 | 260 |
| പൊതു ടാപ്പുകളുടെ വെള്ളക്കരം | | 200000 | | 460151 | 230 |
| പൊതു വിദ്യാഭ്യാസം (എസ് സി പി) | | 1200000 | | 811136 | 32 |

പലയിനം വരവു ചെലവുകളും യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ലായെന്ന് മേൽ കണക്കുകൾ വ്യക്തമാക്കുന്നു. യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്ത രീതിയിൽ ബഡ്ജറ്റുകൾ തയ്യാറാക്കിയിട്ടുള്ളതിലെ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-02 / 05-03-2021) ലഭിച്ച മറുപടിയിൽ ടി അപാകതകൾ ആവർത്തിക്കാതിരിക്കാൻ അക്കൌണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, വിഷയം സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ ആയത് സ്ഥാപനത്തിന്റെ മുൻകാല വരവുചെലവുകൾ യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 01.06.2020 | - | - |

## 1-2-1 രജിസ്റ്ററുകൾ കാലികമാക്കാത്തതിനാൽ വാർഷിക കണക്കുകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും വർഗ്ഗീകരിച്ച് അതാതിന്റെ കൃത്യമായ മൂല്യം നിർണ്ണയിച്ച് വിശദാംശങ്ങൾ ഉൾക്കൊള്ളിക്കത്തക്ക തരത്തിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപെടുത്തി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ അക്കൗണ്ടിംഗ് സമ്പ്രദായം സാംഖ്യ സോഫ്റ്റ്‌വെയറിലേക്ക് മാറുന്നതിന് മുൻപുള്ള ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്രസോഫ്റ്റ്‌വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)152/11/തസ്വഭവ തീയതി:26.07.2011) നടപ്പാക്കിയിട്ടില്ല. 2019-20 ലെ ആസ്തി രജിസ്റ്റർ കാലികമായി തയ്യാറാക്കി ആസ്തികളുടെ വിവരങ്ങൾ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ധനകാര്യ വർഷത്തെ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തെ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവയുൾപ്പെടുത്തിയുള്ള സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല. തൻവർഷം ആർജ്ജിച്ച സ്റ്റോക്കുകളുടെ മൂല്യ നിർണ്ണയ തുക സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തൻവർഷം ആർജ്ജിച്ച Movable Assets- Movable Assets-Plant, Machinery& Tools(410710101),Office Equipments & Other Equipments (410710103), Movable Assets- Furniture, Fixtures,Fittings &Electrical Appliances (410710104),Movable Assets-Others(410710199) തുടങ്ങിയവയുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

ഇൻവെസ്റ്റ്മെന്റ് ബാലൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ തയാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ ഈ ഇനത്തിലെ തുകകളുടെ ആധികാരികത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

## 1-2-2 വാർഷിക കണക്കുകൾ- എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

പ്രധാന അക്കൌണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ (Key Ratios) വാർഷിക ധനകാര്യപത്രികയിലെ പത്രികയായി ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (ഇ,എഫ്).

## 1-2-3 വാർഷിക കണക്കുകളിലെ ന്യൂനതകൾ

- ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-3 ലെ തുകയും ബി-11 & ബി-11(A) ലെ ആകെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ബി-11(A) -ൽ 14726/- രൂപ ഉൾപ്പെടുത്തിയതായി കാണുന്നു. ആസ്തി നിർമ്മാണത്തിനായി പാർട്ട് ബിൽ നല്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാകാഞ്ഞതിനാൽ ഈ തുകയുടെ കൃത്യത ബോധ്യപ്പെട്ടില്ല.
- അക്കൌണ്ട്സ്/സാംഖ്യാ എ.സി.ആർ പ്രകാരവും താഴെപ്പറയുന്ന ഗ്രാന്റുകളുടെ ചെലവ്, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നുവെങ്കിലും ആയത് ഗ്രാന്റ് വിനിയോഗ പത്രികയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ടിനം | അക്കൌണ്ട്സ്/ | ഗ്രാന്റ് വിനിയോഗ | അക്കൌണ്ട്സ്/ | ഗ്രാന്റ് വിനിയോഗ |
|---|---|---|---|---|

| | എ.സി. ആർ പ്രകാരം ചെലവ് | പത്രിക പ്രകാരം ചെലവ് | എ.സി.ആർ പ്രകാരം നീക്കിയിരിപ്പ് | പത്രിക പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 7200474 | 7538709 | 6304650 | 5966415 |
| വികസന ഫണ്ട് - SCP | 1967066 | 1996478 | 3752522 | 3723110 |

വികസനഫണ്ട് (ജനറൽ) -ൽ ഇപ്രകാരം 338235/- രൂപയും വികസനഫണ്ട് (SCP) -ൽ ഇപ്രകാരം 29412/- രൂപയും വ്യത്യാസമുള്ളതായി കാണുന്നു. ഹഡ്കോ ലോൺ തിരിച്ചടവിനായി സ്രോതസ്സിൽ നിന്നു പിടിച്ച തുകകൾ വാർഷിക കണക്കിൽ പ്രതിഫലിച്ചിട്ടില്ല.

- NREGS ഇനത്തിലെ തുക I & E പത്രികയിലെ I-6 , I-14(A) ഷെഡ്യൂളുകളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യത്യാസം 54645/- രൂപ. റസീപ്റ്റ് & പേയ്മെന്റ് പത്രിക ഷെഡ്യൂൾ RP(16) -ലെ 251300801 എന്ന ഹെഡിൽ 874056/- രൂപ വരേണ്ടിയിരുന്നതിന് പകരം 819411/- രൂപയാണ് ബുക്ക് ചെയ്തിട്ടുള്ളത്. NREGS ക്യാഷ് ബുക്ക് പ്രകാരം ആകെ ചെലവ് 15420996/- രൂപയാണ്. എന്നാൽ I & E പത്രിക ഷെഡ്യൂൾ I-6 പ്രകാരം ടി ഇനത്തിലെ ചെലവ് തുക 15354903/- രൂപയാണ്. എന്നാൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ ചെലവൊന്നും രേഖപ്പെടുത്തിയും കാണുന്നില്ല.
- ലൈസൻസ് രജിസ്റ്ററിൽ ഡിമാൻസ്, കളക്ഷൻ, ബാലൻസ് തയാറാക്കി വാർഷിക സംഗ്രഹം തയാറാക്കിയിട്ടില്ല.
- തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി- ജീവനക്കാർ ഇനത്തിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ യഥാക്രമം 775830/-, 745230/-, 26600/- ആണെന്നിരിക്കെ അക്കൗണ്ട്സ് പ്രകാരം ഡിമാന്റ്, കളക്ഷൻ, 687980/- രൂപയാണ്. ബാലൻസ് ഇല്ലായെന്നും കാണുന്നു. തൊഴിൽ നികുതി- ട്രേഡേഴ്സ് ഇനത്തിൽ രജിസ്റ്ററിൽ ഡിമാന്റ്, ബാലൻസ് തുകകൾ രേഖപ്പെടുത്തിയിട്ടില്ല. കളക്ഷൻ തുക 46490/- രൂപയാണ് (പേജ് നം. 125-126). അക്കൗണ്ട്സ് പ്രകാരം തുകകൾ ഇപ്രകാരമാണ്. I-1 → 150100/- ; RP(43)→ 45240/- B15→ 16310/-
- റെന്റ് രജിസ്റ്റർ പ്രകാരം ഡിമാന്റ്, കളക്ഷൻ എന്നിവ 416016/- രൂപയാണ് (പേജ് നം. 99). റെന്റ് ഫ്രം ഓഡിറ്റോറിയം & ഹാൾസ് എന്ന ഇനത്തിന്റെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് രേഖപ്പെടുത്തി വാർഷിക സംഗ്രഹം സൂക്ഷിച്ചിട്ടില്ല. അക്കൗണ്ട്സ് പ്രകാരം റെന്റ് ഫ്രം ബിൽഡിംഗ്സ് ഇനത്തിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ യഥാക്രമം 410016/-, 400280/-, 15736/- രൂപയാണ്. റെന്റ് ഫ്രം ഓഡിറ്റോറിയം & ഹാൾസ് ഇനത്തിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ യഥാക്രമം 22250/-, 22250/-, 0/- രൂപയാണ്.
- തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ ഓണറേറിയം, ഡാറ്റാഎൻട്രി ഓപ്പറേറ്റർമാരുടെ വേതനം, ഇലക്ട്രിസിറ്റി ചാർജ്ജ്, തുടങ്ങിയവയ്ക്ക് 2018-19 സാമ്പത്തിക വർഷം പ്രൊവിഷൻ രേഖപ്പെടുത്താതെയാണ് തൻവർഷം (2019-20) ചെലവ് ചെയ്തിട്ടുള്ളത്. കൂടാതെ ടി ഇനത്തിലെ തൻവർഷ ചെലവുകൾക്കും പ്രൊവിഷൻ നൽകാതെയാണ് അടുത്ത സാമ്പത്തിക വർഷത്തിലേയ്ക്കും മാറ്റി വെച്ചിട്ടുള്ളത്.
- വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 532144/- രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)1583005/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
- ട്രഷറി സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിലെ തൻവർഷ മുന്നിരിപ്പ് തുക വാർഷിക ധനകാര്യപത്രിക പ്രകാരം 1310132/- രൂപയാണ്. പാസ് ബുക്ക് പ്രകാരം തൻവർഷ മുന്നിരിപ്പ് തുക 1687662/- രൂപയാണ്. അക്കൗണ്ട്സിലെ തുകയും പാസ്ബുക്കിലെ തുകയും തമ്മിൽ പൊരുത്തമില്ല. ബാങ്ക് റീകൺസിലിയേഷൻ പത്രികയിലെ പാസ്ബുക്ക് തുക തെറ്റായാണ് കാണിച്ചിരിക്കുന്നത്. വ്യത്യാസം 377530/- രൂപ. എന്നാൽ Cheque Issued But Not Presented To Bank എന്ന ശീർഷകത്തിൽ 406140/-രൂപയാണ് കാണിച്ചിരിക്കുന്നത്.
- മങ്കൊമ്പ് ട്രഷറിയിലുള്ള സ്ഥിര നിക്ഷേപത്തിന്റെ പലിശ അക്കൗണ്ടിന്റെ മുന്നിരിപ്പ് വാർഷിക ധനകാര്യപത്രിക പ്രകാരം 61016/- രൂപയാണ്. എന്നാൽ പാസ് ബുക്ക് (TFD 5220 A/C No : 799010100079346) പ്രകാരം മുന്നിരിപ്പ് തുക 188652/- രൂപയാണ്. വ്യത്യാസം 127636/- . ആയത് വിശദീകരിക്കപ്പെട്ടിട്ടില്ല.
- എസ്.ബി.റ്റി. സാക്ഷരതാ അക്കൗണ്ടിന്റെ മുന്നിരിപ്പ് പാസ് ബുക്ക് പ്രകാരം 85446/- രൂപയാണ്. RP40(A) പ്രകാരം മുന്നിരിപ്പ് 84715/- രൂപയാണ്. വ്യത്യാസം പൊരുത്തപ്പെടുത്തിയതായി കാണുന്നില്ല.
- എസ്.ബി.റ്റി. കുട്ടനാട് പാക്കേജ് അക്കൗണ്ടിന്റെ മുന്നിരിപ്പ് പാസ് ബുക്ക് പ്രകാരം 971820/- രൂപയാണ്. വാർഷിക ധനകാര്യപത്രിക പ്രകാരം മുന്നിരിപ്പ് 971447/- രൂപയാണ്. വ്യത്യാസം പൊരുത്തപ്പെടുത്തിയതായി കാണുന്നില്ല.
- വസ്തു നികുതി സംബന്ധമായ വാർഷിക ധനകാര്യ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ പത്രിക പ്രകാരം ലഭ്യമാക്കിയ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

- ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/20 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/20 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം( റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 8479251 |
| വരവ് | 31811527 |
| ആകെ | 40290778 |
| ചെലവ് | 31279383 |
| നീക്കിയിരിപ്പ് | 9011395 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 13505124 | 13505124 | 7200474 | 6304650 | ക്യൂ ബിൽ തുക 1479983/- |
| വികസന ഫണ്ട്-എസ്.സി.പി | | 5719588 | 5719588 | 1967066 | 3752522 | ക്യൂ ബിൽ തുക 1819336/- രൂപ |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 0 | 0 | 0 | |
| മെയിന്റനൻസ്, റോഡ് | | 4559000 | 4559000 | 2375099 | 2183901 | ക്യൂ ബിൽ തുക 1833381 /- രൂപ |
| മെയിന്റനൻസ്, നോൺ-റോഡ് | | 3251000 | 3251000 | 2067084 | 1183916 | ക്യൂ ബിൽ തുക 339759/- രൂപ |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC Untied) | | 6010482 | 6010482 | 3017575 | 2992907 | ക്യൂ ബിൽ തുക 1458051/- രൂപ |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ICDS | 966911 | 249232 | 1216143 | 198365 | 1017778 | |
| CSS-സ്വച്ഛ് ഭാരത് മിഷൻ | 0 | 240000 | 240000 | 240000 | 0 | |
| SSS-സാനിറ്റേഷൻ മിഷൻ | 1933789 | 350871 | 2284660 | 516514 | 1768146 | |
| കുട്ടനാട് പാക്കേജ് | 971447 | 32315 | 1003762 | 0 | 1003762 | |
| സാക്ഷരത | 84715 | 3673 | 88388 | 0 | 88388 | |

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശു വികസന പദ്ധതിയിൽ രേഖപ്പെടുത്തിയിട്ടുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 4326404 | 4326404 | 1079008 | 3247396 |
| വാർഷിക കണക്ക് പ്രകാരം | 966911 | 249232 | 1216143 | 198365 | 1017778 |

ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം സ്വച്ഛ് ഭാരത് മിഷൻ ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 321880 | 321880 | 206800 | 115080 |
| വാർഷിക കണക്ക് പ്രകാരം | 0 | 240000 | 240000 | 240000 | 0 |

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം സാനിറ്റേഷൻ മിഷൻ ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 5327720 | 5327720 | 647040 | 4680680 |
| വാർഷിക കണക്ക് പ്രകാരം | 1933789 | 350871 | 2284660 | 516514 | 1768146 |

മേൽ വിവരിച്ച പരാമർശങ്ങൾക്ക് വിധേയമായി മാത്രമാണ് ഈ റിപ്പോർട്ടിലെ അനുബന്ധം 2 പ്രകാരമുള്ള ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിക്കുന്നത്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 134 | 42214352 | 60 | .9189509 | 63 | 11 | 45. |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 97265 | 1039622 | 1136887 | 8740548 | 262830.84 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 14480847 | 14480847 | 14480847 | 0 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 42000 | 34 |
| കർഷകതൊഴിലാളി പെൻഷൻ | 5013600 | 861 |
| വിധവാപെൻഷൻ | 2025000 | 345 |
| വാർദ്ധക്യകാലപെൻഷൻ | 4186200 | 712 |
| വികലാംഗപെൻഷൻ | 830400 | 142 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 141600 | 24 |
| വിവാഹധനസഹായം | 150000 | 2. |

## 1-8 ക്യാഷ് പരിശോധന

### ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.03.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 67047/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. സ്ഥാപനത്തിലെ ജീവനക്കാരുടെ ജോലിവിഭജനം കൃത്യമായി രേഖപ്പെടുത്തുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
2. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.
3. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
4. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഓരോ ഇനത്തിലുമുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ ലഭ്യമല്ല.
5. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
6. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
7. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.
8. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.
9. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.
10. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.02.2021 | 04/2020 To 12/2020 | 18.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ് | 23.06.2018 | 2013-14 To 2017-18 | 31.05.2018 |

## 1-11 അങ്കണവാടികളുടെ പ്രവർത്തനം -അവലോകനം

രാമങ്കരി ഗ്രാമപഞ്ചായത്തിൽ ആകെ 17 അങ്കണവാടികളാണുള്ളത്. ഇതിൽ 10 എണ്ണത്തിന് മാത്രമാണ് സ്വന്തം കെട്ടിടമുള്ളത്. 7 എണ്ണം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 2018-ലെ മഹാപ്രളയത്തിൽ സ്വന്തമായി കെട്ടിടങ്ങളുള്ള 10 എണ്ണത്തിലെ 2 കെട്ടിടങ്ങൾ അൺഫിറ്റ് ആകുകയും ഒരു അങ്കണവാടി വാടക കെട്ടിടത്തിലും വെറൊരെണ്ണം വാടകയിതര കെട്ടിടത്തിലും പ്രവർത്തിച്ചു പോരുന്നു. ആയതിനാൽ നിലവിൽ 8 അങ്കണവാടികൾ മാത്രമാണ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചു പോരുന്നത്. കെട്ടിടം ഇല്ലാത്ത അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലമില്ലെന്നും സ്ഥലം ലഭിക്കുന്ന മുറയ്ക്ക് കെട്ടിടം

സ്ഥാപിക്കുന്നതാണെന്നാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുള്ളത്. വാടകയ്ക്ക് പ്രവർത്തിക്കുന്ന അങ്കണവാടി കെട്ടിടങ്ങളിൽ വൈദ്യുതി കണക്ഷൻ ഇല്ലാത്ത പരിതാപകരമായ അവസ്ഥയാണ്. എല്ലാ അങ്കണവാടികൾക്കും ചുറ്റുമതിലും സംഭരണപ്പെട്ടികളും ഉണ്ടെന്നും അടിസ്ഥാന സൌകര്യ വികസനത്തിനായി ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിപ്പെടുത്തിയിട്ടുണ്ടെന്നും ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിക്കുകയുണ്ടായി. അങ്കണവാടികളുടെ ഫിറ്റ്നെസ്, ഗ്രാമഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് 2019-20 വർഷം 3 എണ്ണത്തിന് ലഭിച്ചിട്ടില്ല. (വാടക കെട്ടിടം -2; വാടകയിതരം -1). പോഷകാഹാരം ഗുണനിലവാര പരിശോധനയ്ക്ക് അയക്കുന്നത് ദൂരക്കൂടുതലുള്ള ലാബുകളിലേയ്ക്കായതിനാൽ സമയബന്ധിതമായി ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാൻ സാധിക്കാത്ത അവസ്ഥയുള്ളതിനാൽ ഗുണനിലവാര പരിശോധനയ്ക്ക് അയക്കുന്നത് സംബന്ധിച്ച് പ്രായോഗിക തടസ്സങ്ങൾ ഉണ്ടെന്ന് നിർവ്വഹണഉദ്യോഗസ്ഥ അറിയിക്കുകയുണ്ടായി. എല്ലാ അങ്കണവാടി കെട്ടിടങ്ങളുടേയും അടിസ്ഥാന സൌകര്യം വികസിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഫിറ്റ്നെസ് സർട്ടിഫിക്കറ്റോടു കൂടി മാത്രമേ അങ്കണവാടികൾ പ്രവർത്തിക്കുന്നുള്ളൂ എന്ന് പഞ്ചായത്തധികൃതർ ഉറപ്പു വരുത്തേണ്ടതാണ്. ഇക്കാര്യത്തിലേയ്ക്ക് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 ഗ്രാമസഭകളുടെ പ്രവർത്തനം -അവലോകനം

ഭരണ തീരുമാനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന്റേയും ജനാധിപത്യക്രമം അനുഭവവേദ്യമാകുന്നതിന്റേയും ആധാരശിലകളാണ് ഗ്രാമസഭകൾ. ജനാധിപത്യ ഭരണക്രമത്തിൽ സാധാരണ ജനങ്ങൾക്ക് ഭരണത്തിൽ നേരിട്ട് പങ്കാളിത്തം ലഭിക്കുന്ന ഏക സംവിധാനമാണ് ഗ്രാമസഭ. ഒരു ഗ്രാമപഞ്ചായത്തിലെ വാർഡിലെ മുഴുവൻ സമ്മതിദായകരും ഗ്രാമസഭയിലെ അംഗങ്ങളാണ്. ഗ്രാമസഭാ മിനിറ്റ്സ് ബുക്കുകൾ പരിശോധിച്ചതിൻ പ്രകാരം രാമങ്കരി ഗ്രാമപഞ്ചായത്തിൽ നടന്ന ഗ്രാമസഭാ യോഗങ്ങളുടെ അവലോകനം ചുവടെ ചേർക്കുന്നു.

| വാർഡ് നം. | അംഗസംഖ്യ | യോഗം ചേർന്ന തീയതി | പങ്കെടുത്തവരുടെ എണ്ണം/റിമാർക്സ് |
|---|---|---|---|
| I | 798 | 21.11.2018<br>05.02.2019<br>06.09.2019<br>02.11.2019 | 82 വാർഷിക പദ്ധതി ചർച്ച<br>87ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ<br>51 ആരോഗ്യ ഗ്രാമസഭ<br>83 ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ |
| II | 759 | 21.11.2018<br>06.02.2019<br>02.11.2019<br>---* | 84 വാർഷിക പദ്ധതി ചർച്ച<br>86 വാർഷിക പദ്ധതി ചർച്ച, ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ<br>14 ക്വാറം തികയാഞ്ഞതിനാൽ കൂടിയില്ല<br>66 ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ |
| III | 829 | 21.11.2018<br>05.02.2019<br>---*<br>04.11.2019<br>29.01.2020 | 87 വാർഷിക പദ്ധതി ചർച്ച<br>89 ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ<br>39 ആരോഗ്യ ഗ്രാമസഭ<br>85 വാർഷിക പദ്ധതി ചർച്ച, ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ<br>96 വാർഷിക പദ്ധതി ചർച്ച |
| IV | 761 | 21.11.2018<br>---*<br>---*<br>02.11.2019<br>31.01.2020 | 156 വാർഷിക പദ്ധതി ചർച്ച<br>124 ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ<br>40 ആരോഗ്യ ഗ്രാമസഭ<br>80 ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ<br>82 വാർഷിക പദ്ധതി ചർച്ച |
| V | 757 | 24.11.2018<br>06.02.2019<br>---*<br>02.11.2019<br>31.01.2020 | 81 വാർഷിക പദ്ധതി ചർച്ച<br>80 ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ<br>33 ആരോഗ്യ ഗ്രാമസഭ<br>79 ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ<br>78 വാർഷിക പദ്ധതി ചർച്ച |

| | | | |
|---|---|---|---|
| VI | 866 | 23.11.2018 | 99 വാർഷിക പദ്ധതി ചർച്ച |
| | | 06.02.2019 | 130 ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ |
| | | -* | 33 ആരോഗ്യ ഗ്രാമസഭ |
| | | 04.11.2019 | 90 ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ |
| VII | 709 | 24.11.2018 | 73 വാർഷിക പദ്ധതി ചർച്ച |
| | | 06.02.2019 | 91 ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ |
| | | -* | 56 ആരോഗ്യ ഗ്രാമസഭ |
| | | 04.11.2019 | 73 ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ |
| VIII | 617 | 24.11.2018 | 93 വാർഷിക പദ്ധതി ചർച്ച |
| | | 05.02.2019 | 91 ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ |
| | | -* | 37 ആരോഗ്യ ഗ്രാമസഭ |
| | | 04.11.2019 | 69 ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ |
| | | 31.01.2020 | 81 വാർഷിക പദ്ധതി ചർച്ച,ദുരന്ത നിവാരണ ചർച്ച |
| IX | 619 | 22.11.2018 | 66 വാർഷിക പദ്ധതി ചർച്ച |
| | | 05.02.2019 | 77 ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ |
| | | -* | 19 ആരോഗ്യ ഗ്രാമസഭ |
| | | 05.11.2019 | 65 ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ |
| | | 31.01.2020 | 69 വാർഷിക പദ്ധതി ചർച്ച |
| X | 629 | 23.11.2018 | 65 വാർഷിക പദ്ധതി ചർച്ച |
| | | 08.02.2019 | 144 ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ |
| | | -* | 24 ആരോഗ്യ ഗ്രാമസഭ |
| | | 05.11.2019 | 69 ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ |
| XI | 707 | 23.11.2018 | 85 വാർഷിക പദ്ധതി ചർച്ച |
| | | 06.02.2019 | 76 ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ |
| | | -* | 29 ആരോഗ്യ ഗ്രാമസഭ |
| | | 31.01.2020 | 80 വാർഷിക പദ്ധതി ചർച്ച, ദുരന്ത നിവാരണ ചർച്ച |
| XII | 699 | 24.11.2018 | 73 വാർഷിക പദ്ധതി ചർച്ച, ദുരന്ത നിവാരണ ചർച്ച |
| | | 08.02.2019 | 74 ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ |
| | | -* | 38 ആരോഗ്യ ഗ്രാമസഭ |
| | | 05.11.2019 | 71 ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ |
| | | 30.01.2020 | 72 വാർഷിക പദ്ധതി ചർച്ച, ദുരന്ത നിവാരണ ചർച്ച |
| XIII | 831 | 24.11.2018 | 100 വാർഷിക പദ്ധതി ചർച്ച |
| | | 08.02.2019 | 111 ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ |
| | | 26.08.2019 | 88 ആരോഗ്യ ഗ്രാമസഭ |
| | | 02.11.2019 | 84 ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ |
| | | 29.01.2020 | 90 വാർഷിക പദ്ധതി ചർച്ച |

(* മിനിറ്റ്സ് ബുക്കിൽ യോഗം കൂടിയ തീയതി രേഖപ്പെടുത്തിയിട്ടില്ല)

മിനിറ്റ്സ് പരിശോധിച്ചതിൽ നിന്നും ഗ്രാമസഭകൾ വർഷത്തിൽ കുറഞ്ഞത് 4 പ്രാവശ്യമെങ്കിലും യോഗം ചേരണമെന്ന പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥ പാലിക്കുന്നതായി കാണുന്നില്ല. 10.09.98-ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 37806/ എൽ.3/98/ നമ്പർ സർക്കുലർ പ്രകാരം പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നീ കാര്യങ്ങൾക്ക് വേണ്ടി ചേരുന്ന ഗ്രാമസഭാ യോഗങ്ങളെ ഗ്രാമസഭകളുടെ പ്രത്യേക യോഗങ്ങളായി കണക്കാക്കേണ്ടതും അവ നിയമാധിഷ്ഠിതമായ നിശ്ചിത എണ്ണം യോഗങ്ങളിൽ ഉൾപ്പെടുന്നതായി കണക്കാക്കാൻ പാടില്ലാത്തതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 13 വാർഡുകളിലെയും ഗ്രാമസഭായോഗങ്ങളുടെ മിനിറ്റ്സ് പരിശോധിച്ചതിൽ ചുരുക്കം ചില ഗ്രാമസഭകളൊഴികെ ബാക്കിയെല്ലാ ഗ്രാമസഭകളും പദ്ധതി രൂപീകരണം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് എന്നിവയിൽ മാത്രമായി ഒതുങ്ങി. 2019-20 വാർഷിക

പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കാലിത്തീറ്റ സബ്സിഡി എന്ന പദ്ധതിയിലേയ്ക്ക് ഗുണഭോക്താക്കളെ ഗ്രാമസഭകൾ നിശ്ചയിച്ചു കാണുന്നില്ല. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പിന്നീട് ഗ്രാമസഭയിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങുകയാണുണ്ടായത്. ഇപ്രകാരം ഓരോ വാർഡുകളിലും സാധൂകരണം നൽകിയ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് | സാധൂകരണം നൽകിയ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| I | 11 |
| II | 3 |
| III | 1 |
| IV | 3 |
| V | 1 |
| VI | 8 |
| VII | 3 |
| VIII | 4 |
| IX | 0 |
| X | 0 |
| XI | 1 |
| XII | 1 |
| XIII | 1 |

ഗുണഭോക്തൃ ഗ്രാമസഭകളിൽ മേൽ പദ്ധതി പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാതെ പിന്നീട് പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് സാധൂകരണം നടത്തേണ്ടി വരുന്നത് ഗ്രാമസഭകളിൽ നിക്ഷിപ്തമായ അധികാരവും ചുമതലയും ശരിയായ വിധം നിർവ്വഹിക്കപ്പെടാത്തത് മൂലമാണ്. കൂടാതെ ബജറ്റ് നിർദ്ദേശങ്ങൾ/പദ്ധതി നിർദ്ദേശങ്ങൾ, ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവ ഗ്രാമസഭകളിൽ ചർച്ച ചെയ്യുന്നതായി കാണുന്നില്ല. അസാധാരണ ചെലവ് വിവരങ്ങൾ ഗ്രാമസഭകളിൽ അവതരിപ്പിക്കുന്നതായോ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നവരുടെ അർഹത പരിശോധിക്കൽ നിർവ്വഹിക്കുന്നതായോ കാണുന്നില്ല.

ഗ്രാമസഭകൾ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള യോഗങ്ങളായി മാറാതെ പദ്ധതികളെ കുറിച്ച് ചർച്ച ചെയ്യുകയും വിവിധ വീക്ഷണ കോണുകളിൽ നിന്നുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ പരിഗണിക്കുകയും ചെയ്യേണ്ടതാണ്. നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള പദ്ധതികളെ സംബന്ധിച്ച ബജറ്റ് നിർദ്ദേശങ്ങൾ, പദ്ധതി മാർഗ്ഗരേഖകൾ എന്നിവയെ കുറിച്ച് ചർച്ച ചെയ്യുന്നത് പദ്ധതി നടത്തിപ്പിലെ ന്യൂനതകൾ ഒഴിവാക്കാൻ സഹായകമാകും. ഗ്രാമസഭകളിൽ ജനപങ്കാളിത്തം കുറയുന്നതും സമൂഹത്തിൽ അഭിപ്രായ രൂപീകരണത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ വികസനപ്രവർത്തനങ്ങളുടെ വിലയിരുത്തലിനും ശേഷിയുള്ള ജനവിഭാഗങ്ങളുടെ ഗ്രാമസഭകളോടുള്ള വിമുഖതയും മുഖാമുഖ ജനാധിപത്യത്തിന്റെ വേദിയായ ഗ്രാമസഭകളുടെ ഗൌരവം ചോർത്തികളയുകയാണ്.

ഗ്രാമസഭകളിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിനും അതുവഴി ജനങ്ങളുടെ പങ്ക് പഞ്ചായത്തിന്റെ വികസന പ്രകിയയിൽ ഉറപ്പ് വരുത്തേണ്ടതുമാണ്. ജനപ്രതിനിധികളുടേയും അധികൃതരുടേയും സത്വര ശ്രദ്ധ ടി വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 1-13 ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ

ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.-

1. രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ, ടി രജിസ്റ്ററിൽ 2012 വരെ നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തികളുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2. ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥരാരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. 2004 ൽ നിർമ്മിച്ച റോഡുകളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പിന്നീട് ഇവ നവീകരിച്ചിട്ടുണ്ടോ എന്ന വിവരങ്ങളൊന്നും തന്നെ ലഭ്യമല്ല.

4. രേഖപ്പെടുത്തിയിട്ടുള്ള പല ആസ്തികളെ സംബന്ധിച്ചും നിർമ്മാണം നടത്തിയ വർഷം രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2) ലഭിച്ച മറുപടിയിൽ ജീവനക്കാരുടെ കുറവും, ജോലിതിരക്കും മൂലം സമയബന്ധിതമായി കാലികമാക്കാൻ സാധിച്ചില്ലായെന്നും, ആയത് ഉടൻ തന്നെ കാലികമാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികൾ അന്യാധീനപ്പെടുന്നതിന് ഇടയാക്കുന്ന ഇത്തരം നടപടികൾ ഒഴിവാക്കേണ്ടതും, ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-14 ദുരന്ത നിവാരണ പദ്ധതി പ്രവർത്തനങ്ങൾ- തുടർനടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തുകളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 01.12.2019 ലെ സ.ഉ.(കൈ) 156/2019/ത.സ്വ.ഭവ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ദുരന്തനിവാരണ പദ്ധതി രേഖ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയ ഒരു ഏകീകൃത ടെമ്പ്ലേറ്റ് അംഗീകരിച്ച് 14.01.2020 ലെ സ.ഉ.(കൈ) 14/2020/ത.സ്വ.ഭവ. നമ്പർ പ്രകാരം ഉത്തരവായിട്ടുമുണ്ട്.

ഈ സർക്കാർ ഉത്തരവുകൾ പ്രകാരം നിർദ്ദേശിക്കപ്പെട്ട അടിയന്തിര പ്രതികരണ ടീമിന്റെ (Emergency Response Team) രൂപീകരണം, "ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം" വർക്കിങ്ങ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ, ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് (LRG) രൂപീകരണവും പ്രവർത്തനവും, ദുരന്തനിവാരണ പദ്ധതി രൂപീകരണം, അംഗീകാരം, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടുണ്ടോ എന്നും നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് 15.03.2021 ലെ 19-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 25.01.2020 ൽ തയ്യാറാക്കിയ " തദ്ദേശസ്വയം ഭരണസ്ഥാപന ദുരന്തനിവാരണ പദ്ധതി കരട്" ലഭ്യമാക്കിയിട്ടുണ്ട്. ഇതിന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ അംഗീകാരം ലഭിച്ചത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല. സന്നദ്ധപ്രവർത്തകരെ ഉൾപ്പെടുത്തി ദുരന്ത നിവാരണ ടീം രൂപീകരിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലോക്കൽ റിസോഴ്സ് ഗ്രൂപ്പിനു വേണ്ട പരിശീലനങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിൽ ദുരന്തനിവാരണ കമ്മിറ്റി 12.11.2018, 14.11.18, 18.09.19, 16.01.2020, 13.02.2020, 14.02.2020 എന്നീ തീയതികളിൽ യോഗങ്ങൾ ചേർന്നിട്ടുണ്ട്. ദ്രുത കർമ്മ സേന രൂപീകരിച്ച് ട്രെയിനിംഗ് നൽകുക, ഹാം റേഡിയോ സംവിധാനം, സ്കൂൾ തലത്തിൽ ദുരന്തനിവാരണത്തിൽ പരിശീലനം, എല്ലാ അങ്കണവാടികളിലും ലൈഫ് ജാക്കറ്റ്, പഞ്ചായത്ത് വക സ്ഥലത്ത് പ്രളയത്തിനുള്ള ഷെൽട്ടറുകൾ നിർമ്മിക്കൽ എന്നിവ ദുരന്ത നിവാരണ കമ്മിറ്റി യോഗങ്ങളിൽ നിർദ്ദേശമായി വന്നിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ ടാസ്ക് ഫോഴ്സിന്റേയും പേരുകൾ നിർദ്ദേശിക്കപ്പെട്ടത് ചേർത്ത് കരട് പദ്ധതി രേഖ അന്തിമമാക്കുന്നതിന് 13.02.20-ൽ കൂടിയ ദുരന്തനിവാരണ വികസന സെമിനാറിൽ പഞ്ചായത്ത് പ്രസിഡന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 14.02.2020-ൽ കൂടിയ ദുരന്ത നിവാരണ കമ്മിറ്റി യോഗത്തിൽ ഓരോ വാർഡിലും കുറഞ്ഞത് 2 ഗ്രൂവൽ സെന്ററുകൾ ആരംഭിക്കേണ്ടി വരുമെന്നും പരമാവധി 4 എണ്ണം എന്നും ഓരോ ഗ്രൂവൽ സെന്ററിനും കൺവീനർ എന്നും നിശ്ചയിച്ചു കാണുന്നു. പഞ്ചായത്തിൽ ദുരന്തനിവാരണ ടീം രൂപീകരിച്ച് അവർക്ക് പരിശീലനം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ തുടർ നടപടി വിവരങ്ങളും ലഭ്യമല്ല. 2020 മാർച്ച് മാസമാണ് ദുരന്ത നിവാരണ സേനകൾ രൂപീകരിച്ചതെന്നും കോവിഡ് മൂലം സമിതികൾക്ക് പ്രവർത്തന സജ്ജമാകാൻ സാധിച്ചില്ലായെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ദുരന്തമാനേജ്മെന്റ് പ്ലാൻ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പ്രകൃതി ദുരന്തം, രോഗാദി ദുരിതങ്ങൾ എന്നിവ മൂലം പ്രയാസമനുഭവിക്കുന്നവർക്ക് ആവശ്യഘട്ടങ്ങളിൽ കൈത്താങ്ങാകുവാൻ പഞ്ചായത്ത് ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ പേരിൽ ദുരിതാശ്വാസ നിധിയ്ക്കായി അക്കൗണ്ട് തുടങ്ങിയിട്ടില്ല. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ധാരാളം ജനങ്ങൾ ഉള്ള പ്രദേശത്ത് ദുരിതാശ്വാസ നിധിയിൽ നിന്നും ആനുകൂല്യങ്ങൾ അനുവദിക്കാത്തത് മാതൃകാപരമായ നടപടിയല്ല.

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റന്വേഷണത്തിന് ലഭിച്ച മറുപടിയിൽ 25.02.2021-ൽ കൂടിയ ഭരണസമിതിയോഗത്തിൽ ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്.

ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകി തുക അനുവദിക്കുകയും നിധിയിലേക്ക് തുക സ്വരൂപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി ദുരിതാശ്വാസ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടത്താവുന്നതാണ്.

## 1-16 ജനറൽ കമ്മിറ്റി തീരുമാനങ്ങൾ യഥാസമയം നടപ്പിലാക്കുന്നതിൽ വീഴ്ച

രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്നും തൻവർഷം കൈക്കൊണ്ടിട്ടുള്ള ചില തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു. ഇവയുടെ നിലവിലെ സ്ഥിതി അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി- 4) ലഭ്യമാക്കിയ മറുപടിയും ഇതോടൊപ്പം ചേർക്കുന്നു.

1. 24-06-2019 ലെ 2-ാം നമ്പർ അജണ്ടക്കുള്ള 1-ാം നമ്പർ തീരുമാനം-

2017-18 വാർഷിക പദ്ധതിയിൽ സ്പിൽ ഓവറായി ഏറ്റെടുത്ത് പൂർത്തീകരിച്ച ഫ്രണ്ട് ഓഫീസ് കെട്ടിടം അപകടാവസ്ഥയിലാണെന്നും, പഴയ കെട്ടിടവും, പുതിയ കെട്ടിടവുമായി ചേർന്ന ഭാഗത്തെ പ്ലാസ്റ്റർ ഇളകി ഗുരുതരാവസ്ഥയിലാണെന്നും അടിയന്തരമായി ആയത് ബലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നുമുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ കത്തിന്മേൽ, പൂർത്തീകരിച്ച് 2 വർഷത്തിനുള്ളിൽ അപകടകരമായ രീതിയിൽ വിള്ളൽ വന്നത് സംബന്ധിച്ച് കരാറുകാരനിൽ നിന്നും വിശദീകരണം തേടി അടിയന്തര റിപ്പോർട്ട് സമർപ്പിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

ഈ കാലയളവിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥ അല്ലായിരുന്നുവെന്നും, ഈ പ്രവൃത്തി നിർവ്വഹിച്ച കോസ്റ്റ് ഫോർഡിനോട് ഫയൽ ആവശ്യപ്പെട്ട് സെക്രട്ടറി മുഖാന്തിരം കത്ത് നൽകിയിട്ടുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. ഫയലും, സോയിൽ ടെസ്റ്റ് ചെയ്ത രേഖകളും ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നിർവ്വഹണത്തിലുണ്ടായ ഈ ഗുരുതരമായ പിഴവ് പ്രവൃത്തി നിർവ്വഹിച്ച ഏജൻസികളുടെ ഉത്തരവാദിത്തത്തിൽ നിർവ്വഹിക്കേണ്ടതും, ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾക്ക് ശുപാർശ ചെയ്യേണ്ടതുമാണ്.

2. 24-06-2019 ലെ 5-ാം നമ്പർ അജണ്ടക്കുള്ള 1-ാം നമ്പർ തീരുമാനം-

CDS മെമ്പർമാർ, അംഗൻവാടി പ്രവർത്തകർ, പഞ്ചായത്ത് വനിത മെമ്പർമാർ എന്നിവരെ ഉൾപ്പെടുത്തി വനിത ക്ലബ്ബ് രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വനിത ക്ലബ്ബ് രൂപീകരിച്ചിട്ടുണ്ടെങ്കിലും ആയത് പ്രവർത്തനക്ഷമമായിട്ടില്ലായെന്നും, പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. വനിത ക്ലബ്ബ് അടിയന്തരമായി പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3. 17-07-2019 ലെ 3-ാം നമ്പർ അജണ്ടക്കുള്ള 1-ാം നമ്പർ തീരുമാനം-

12-ാം വാർഡിൽ പ്രവർത്തിക്കുന്ന സിദ്ധ ഡിസ്പെൻസറിയുടെ സീലിംഗ് ഇളകി വീണതായി കാണിച്ച് സിദ്ധ മെഡിക്കൽ ഓഫീസർ സമർപ്പിച്ച കത്ത് ചർച്ച ചെയ്തു. പൂർത്തീകരിച്ച് 2 വർഷത്തിനുള്ളിൽ ടി സീലിംഗ് ഇളകി വീണത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടു. തുടർ നടപടി സ്വീകരിക്കുന്നതിന് അസിസ്റ്റന്റ് എൻജിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

പ്രളയത്തോടനുബന്ധിച്ച് ഉണ്ടായ നാശനഷ്ടവും, മരപ്പട്ടിയുടെ ശല്യവും മൂലമാണ് സീലിംഗ് ഇളകി വീണതെന്നും, വിവരം കൺവീനറെ അറിയിച്ചിരുന്നുവെന്നും, കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം പണിയുന്നതിന് എസ്റ്റിമേറ്റ് നൽകിയിരുന്നുവെന്നും അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. പ്രവൃത്തി നിർവ്വഹിച്ച് രണ്ടു വർഷം പൂർത്തിയാകുന്നതിന് മുൻപ് ഇത്തരത്തിൽ കേടുപാടുകൾ ഉണ്ടാകുന്നത് നിർമ്മാണത്തിലെ അപാകതകൾ കൊണ്ടു കൂടിയാണ്. തൊട്ടടുത്ത വർഷം മറുപടിയിൽ സൂചിപ്പിച്ചിരുന്നതു പോലെ പുതിയ കെട്ടിടം നിർമ്മിക്കാനുദ്ദേശമുണ്ടായിരുന്നുവെങ്കിൽ ഇത്തരമൊരു പ്രവൃത്തി നിർവ്വഹിച്ചത് പാഴ് ചെലവാണ്. നിലവിൽ ഓഡിറ്റ് കാലയളവിലും പുതിയ നിർമ്മാണത്തിന് പദ്ധതി വെയ്ക്കുകയോ ആരംഭിക്കുകയോ ചെയ്തിട്ടില്ല. ടി സാഹചര്യത്തിൽ കരാറുകാരനിൽ നിന്നും നഷ്ടം ഈടാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. 11-11-2019 ലെ 5-ാം നമ്പർ അജണ്ടക്കുള്ള 1-ാം നമ്പർ തീരുമാനം-

രാമങ്കരി ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള പൊതുടാപ്പുകളുടെ വിവരശേഖരണം നടത്തിയിട്ടില്ല എന്നത് സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട് കൂടി പരിഗണിച്ച് പൊതുടാപ്പുകൾ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തുന്നതിന് വാട്ടർ അതോറിറ്റി തിരുവല്ല സബ്ഡിവിഷനോട് അഭ്യർത്ഥിച്ച തീരുമാനിച്ചു.

സംയുക്ത പരിശോധന നടത്തുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്തു നൽകിയിരുന്നുവെങ്കിലും, വാട്ടർ അതോറിറ്റിയിൽ നിന്നും യാതൊരു നടപടിയും ലഭ്യമായിട്ടില്ല. സംയുക്ത പരിശോധന നടത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചു. സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-17 വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് പരിശോധന- നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിലെ വീഴ്ചകൾ-

13-ാം പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് 29-03-2017 ൽ പുറപ്പെടുവിച്ചിട്ടുള്ള ജി.ഒ (എം.എസ്)72/2017 തസ്വഭവ നം.ഉത്തരവിൽ പദ്ധതി നിർവ്വഹണത്തിനായി ഉൾപ്പടുത്തിയിട്ടുള്ള 9 ഘട്ടങ്ങളിൽ ആദ്യത്തേതാണ് ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണവും. (ഖ.2-1) കരട് പ്രൊജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭ ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ആ വേദികളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രോജക്ട് നിർദ്ദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടെയും, തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനയ്ക്ക് സമർപ്പിക്കുക എന്നിവയാണ് പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതായ രണ്ട് പ്രധാന ചുമതലകൾ.

രാമങ്കരി ഗ്രാമപഞ്ചായത്തിൽ താഴെപ്പറയുന്ന 12 വർക്കിംഗ് ഗ്രൂപ്പുകളാണ് നിലവിലുള്ളത്.

1. ജൈവവൈവിധ്യ കാലാവസ്ഥാ വ്യതിയാന ദുരന്തനിവാരണ വർക്കിംഗ് ഗ്രൂപ്പ്.

2. കുടിവെള്ളം, ശുചിത്വം

3. കൃഷി

4. സാമൂഹ്യക്ഷേമം.

5. മൃഗ സംരക്ഷണം, ക്ഷീര വികസനം

6. പൊതുമരാമത്ത്.

7. കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമമാക്കൽ

8. പട്ടികജാതി വികസനം.

9. സ്ത്രീകളുടെയും കുട്ടികളുടെയും വികസനം

10. വിദ്യാഭ്യാസം, സംസ്കാരം, കല, കായികം, വിനോദം, യുവജനക്ഷേമം.

11. ദാരിദ്യ ലഘൂകരണം

12. ചെറുകിട വ്യവസായം

ടി വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്ട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകളിൽ കൈക്കൊള്ളുന്ന പല തീരുമാനങ്ങളും നടപ്പിലാക്കുന്നില്ല എന്ന് പരിശോധനയിൽ വ്യക്തമായി. 2019-20 വർഷം വർക്കിംഗ് ഗ്രൂപ്പുകളിൽ കൈക്കൊണ്ട തീരുമാനങ്ങളുടെയും പദ്ധതി നിർവ്വഹണത്തിൽ ആയത് എത്രത്തോളം നടപ്പിലായി എന്നതിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർക്കിംഗ് ഗ്രൂപ്പിന്റെ പേര്, കൂടിയ തീയതി. | 2019-20 ലേക്കുള്ള നിർദ്ദേശങ്ങൾ | നടപ്പിലാക്കിയത് |
|---|---|---|
| ചെറുകിട വ്യവസായം<br>12-11-18 | 1.പേപ്പർ ക്യാരി ബാഗ് നിർമ്മാണം.<br>2.വികലാംഗർക്ക് പെട്ടിക്കട.<br>3.മെഴുകുതിരി നിർമ്മാണ യൂണിറ്റ്.<br>4.ചന്ദനത്തിരി നിർമ്മാണ യൂണിറ്റ്.<br>5.കുട നിർമ്മാണ യൂണിറ്റ്<br>6.മുട്ടക്കോഴി വിതരണം<br>7.സ്ത്രീകളുടെ ഗ്രൂപ്പിന് തയ്യൽ പരിശീലനം.<br>8.സോപ്പ്/സോപ്പ് പെട്ടി നിർമ്മാണ യൂണിറ്റ് | വികലാംഗർക്ക് പെട്ടിക്കട.<br>മുട്ടക്കോഴി വിതരണം. |
| ദാരിദ്യലഘൂകരണം.7-11-18,12-11-18,14-11-18 | 1.പൈപ്പ് ലൈൻ എക്സ്റ്റൻഷൻ.<br>2.സ്ത്രീകൾക്ക് സ്വയംതൊഴിൽ സംരംഭം.<br>3.എല്ലാ വാർഡിലും തയ്യൽ യൂണിറ്റ്.<br>4.തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കൽ<br>5.മുട്ടക്കോഴി വിതരണം<br>6.അഗതി - ആശ്രയ.<br>7.ജൈവ പച്ചക്കറികൾക്ക് വിപണന കേന്ദ്രം. | തൊഴിലുറപ്പ്, അഗതി - ആശ്രയ, ഹരിത കർമ്മസേന., അംഗൻവാടി പോഷകാഹാരം,മുട്ടക്കോഴി വിതരണം. |

| | | | |
|---|---|---|---|
| | | 8.പേപ്പർ ബാഗ് നിർമ്മാണ പരിശീലനം.<br>9.കുടുംബ ശ്രീ വഴി സമ്പൂർണ്ണ ക്ലീനിംഗ് പദ്ധതി.<br>10.അംഗൻവാടി പോഷകാഹാരം.<br>11.മെഴുകുതിരി, ചന്ദനത്തിരി നിർമ്മാണം. | |
| | വിദ്യാഭ്യാസം, സംസ്കാരം,കല,കായികം,യുവജനക്ഷേമം.<br>12-11-18,13-11-18, 29-11-18 | 1.GUPS വേഴപ്ര,GLPS വേഴപ്ര എന്നിവയ്ക്ക് കംപ്യൂട്ടറും, ലാപ്ടോപ്പും.<br>2.GUPS വേഴപ്ര, GLPS വേഴപ്ര എന്നിവയ്ക്ക് ലൈബ്രറി പുസ്തകങ്ങൾ.<br>3.SSA വിഹിതം നൽകൽ.<br>4. GUPS വേഴപ്രയ്ക്ക് അലമാര<br>5.10, +2 ക്ലാസ്സുകൾക്ക് സാക്ഷരത തുടർ വിദ്യാഭ്യാസ പരിപാടി.<br>6.ഗവ.എൽ. പി, യു. പി സ്കൂളിലെ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം. | SSA വിഹിതം നൽകൽ. |
| | സ്ത്രീകളുടെയും,കുട്ടികളുടെയും വികസനം.<br>12-11-18,14-11-18 | 1.അംഗൻവാടികൾക്ക് കൊടിമരം<br>2.പോഷകാഹാരത്തിന് കൂടുതൽ തുക<br>3.അംഗൻവാടികൾക്ക് കംപ്യൂട്ടർ<br>4.44-ാം നമ്പർ അംഗൻവാടിയുടെ മേൽക്കൂര അറ്റകുറ്റപ്പണി.<br>5.സ്വന്തം കെട്ടിടങ്ങൾക്ക് ബേബി ഫ്രണ്ട് ലി ടോയ്ലറ്റ്.<br>6.തടിയിൽ നിർമ്മിച്ച ബ്ലാക്ക് ബോർഡ്.<br>7.അംഗനവാടികളുടെ പഞ്ചായത്ത് തല വാർഷികത്തിന് ഫണ്ട്.<br>8.അംഗൻവാടികൾക്ക് സ്ഥലം വാങ്ങൽ. | ഒന്നും നടപ്പിലായില്ല. |

| | | | | |
|---|---|---|---|---|
| | | 9.അംഗൻവാടികൾക്ക് അലമാര, മേശ, സംഭരണപ്പെട്ടി, ബേബി ബെഡ്, യൂണിഫോം.<br>10.കൌമാരക്കായ പെൺകുട്ടികൾക്ക് ഹെൽത്ത് ചെക്ക് അപ്പ്.<br>11.കൌമാരക്കായ പെൺകുട്ടികൾക്ക് തൊഴിൽ പരിശീലനം. | | |
| | ജൈവ വൈവിധ്യ-കാലാവസ്ഥാ വ്യതിയാന ദുരന്തനിവാരണ വർക്കിംഗ് ഗ്രൂപ്പ്.<br>12-11-18,14-11-18 | 1.പുനരധിവാസ കേന്ദ്രം<br>2.ദ്രുത കർമ്മസേന രൂപീകരിച്ച് ട്രെയിനിംഗ് നൽകൽ.<br>3.കുടിവെള്ള പൈപ്പ് ലൈൻ- 1,8,9,10,13<br>4.ഹാം റേഡിയോ സംവിധാനം<br>5.സ്കൂൾ തലത്തിൽ ദുരന്തനിവാരണത്തിൽ പരിശീലനം<br>6.എല്ലാ അങ്കണവാടികളിലും ലൈഫ് ജാക്കറ്റ്. | കുടിവെള്ള പൈപ്പ് ലൈൻ- | |
| | പട്ടികജാതി വികസനം.<br>5/6/18, 12-11-18,14-11-18 | 1.300 ൽ ചിറ കോളനിയിലേക്കുള്ള വഴി.<br>2.പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ.<br>3.പട്ടികജാതി കുടുംബങ്ങളുടെ പരിസരം ഉയർത്തൽ.<br>4.വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്<br>5.പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും.<br>6.60 വയസ്സിന് മേൽ പ്രായമുള്ളവർക്ക് കട്ടിൽ.<br>7.PSC കോച്ചിംഗ്.<br>8.യോഗ,കരാട്ടേ പരിശീലനം.<br>9.ഗാർഹിക കുടിവെള്ള കണക്ഷൻ.<br>10.കുടുംബങ്ങൾക്ക് ട്യൂബ് കമ്പോസ്റ്റ് .<br>11.വീട് മെയിന്റനൻസ്. | വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്, ഗാർഹിക കുടിവെള്ള കണക്ഷൻ., വീട് മെയിന്റനൻസ്., പട്ടികജാതിക്കാർക്ക് തൊഴിലുപകരണങ്ങൾ., മെറിട്ടോറിയസ് സ്കോളർഷിപ്പ്., വിവാഹ ധനസഹായം, 60 വയസ്സിന് മേൽ പ്രായമുള്ളവർക്ക് കട്ടിൽ. എന്നീ 6 നിർദ്ദേശങ്ങൾ മാത്രം നടപ്പിലാക്കപ്പെട്ടു. | |

| | | |
|---|---|---|
| | 12.പട്ടികജാതിക്കാർക്ക് തൊഴിലുപകരണങ്ങൾ.<br>13.മെറിട്ടോറിയസ് സ്കോളർഷിപ്പ്.<br>14.ആൺകുട്ടികൾക്ക് ഡ്രൈവിംഗ് പരിശീലനം.<br>15.പട്ടികജാതി കോളനികളുടെ സമഗ്ര വികസനം.<br>16.വിവാഹ ധനസഹായം.<br>17.പട്ടികജാതി കമ്മ്യൂണിറ്റി ഹാളിന് വയറിംഗ്.<br>18. വനിതാ ക്ഷേമ കേന്ദ്രങ്ങൾക്ക് കിണർ. | |
| രേഖകൾ തയ്യാറാക്കൽ , ജനസേവനം കാര്യക്ഷമമാക്കൽ.<br>12-11-18, 29-11-18 | 1. Help Desk- കുടുംബ ശ്രീ പ്രവർത്തകർക്ക് പരിശീലനം നൽകുക.<br>2.LED സ്ക്രോളിംഗ് സ്ക്രീൻ.<br>3.മഴവെള്ള സംഭരണി നിർമ്മിക്കുക.<br>4.കോൺഫറൻസ് ഹാൾ എസി ആക്കൽ.<br>5.പഞ്ചായത്ത് ഓഫീസിൽ വാഹനം.<br>6.പ്യൂണിന് സൈക്കിൾ.<br>7.വിർച്ച്വൽ ക്ലാസ്സ് റൂം.<br>8.പൌരാവകാശ രേഖ എല്ലാ വീടുകൾക്കും എത്തിക്കുക.<br>9. റെക്കോർഡ് റൂം നവീകരിക്കൽ.<br>10.സോളാർ വിളക്ക് സ്ഥാപിക്കൽ.<br>11.തെരുവ് വിളക്ക് സ്ഥാപിക്കൽ. | |
| പൊതുമരാമത്ത്.<br>29-11-18 | 13 വാർഡുകളിലായി 84 പ്രവർത്തികളുടെ നിർദ്ദേശങ്ങൾ ഉണ്ടായി. | കേവലം 30 എണ്ണം മാത്രമാണ് നിർവ്വഹിക്കപ്പെട്ടത്. |
| മൃഗസംരക്ഷണം, ക്ഷീര വികസനം.<br>12-11-18, 29-11-18 | 1.പശു വിതരണം, ഗർഭിണി കിടാരി വിതരണം.<br>2.ഇൻഷ്വറൻസ്.<br>3.കോഴിയും,കോഴിക്കൂട്ടം നൽകൽ. | കാലിത്തീറ്റ സബ്സിഡി, ആട്ട വിതരണം, മൃഗാശുപത്രിക്ക് മരുന്ന്. എന്നിവ മാത്രം നടപ്പിലാക്കി. |

| | | |
|---|---|---|
| | 4.പ്രളയത്തിൽ കോഴികൾ നഷ്ടപ്പെട്ടവർക്ക് കോഴി.<br>5.പാൽ, കാലിത്തീറ്റ സബ്സിഡി.<br>6.ആട്ട വിതരണം.<br>7.ഊരുക്കരി പാൽ സൊസൈറ്റി പുനരുദ്ധാരണം.<br>8.ആശുപത്രിക്ക് ആവശ്യമായ മരുന്ന്<br>9.ക്ഷീര കർഷകർക്ക് പശുവിനെ നൽകൽ. | |
| കൃഷി.<br>12-11-18,14-11-18 | 1.നെൽ വിത്ത് സബ്സിഡി<br>2.വാഴയ്ക്ക്,ജൈവ,രാസ വളം<br>3.തൊഴിലുറപ്പ് വഴി പോള വാരൽ, കടകൽ വാരൽ<br>4.തൊഴിലുറപ്പ് വഴി വാച്ചാൽ ആഴം കൂട്ടൽ.<br>5.കാർഷിക ശിൽപ്പശാല സംഘടിപ്പിക്കൽ. | നെൽ വിത്ത് സബ്സിഡി. |
| കുടിവെള്ളം,ശുചിത്വം<br>12-11-18,14-11-18 | 1.പൈപ്പ് ലൈൻ സ്ഥാപിക്കൽ<br>2.പൈപ്പ് ലൈൻ നീട്ടൽ<br>3.വ്യക്തിഗത കുടിവെള്ള കണക്ഷൻ.<br>4.സ്കൂൾ കിണറുകൾ പുനരുദ്ധാരണം | പൈപ്പ് ലൈൻ നീട്ടൽ,<br>വ്യക്തിഗത കുടിവെള്ള കണക്ഷൻ എന്നിവ മാത്രം നടപ്പിലാക്കി. |

22-11-18, 23-11-18, 24-11-18 എന്നീ തീയതികളിൽ വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭകളിൽ വിവിധ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, മേൽ വിവരങ്ങൾ പരിശോധിച്ചാൽ വർക്കിംഗ് ഗ്രൂപ്പുകളിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും നടപ്പിലാക്കപ്പെടുന്നില്ല എന്ന് കാണാം. പദ്ധതി നിർവ്വഹണത്തിലെ അന്തസ്സത്ത തന്നെ ജനങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കി ആയത് വിവിധ പദ്ധതികളിലൂടെ നടപ്പിലാക്കുന്നതിലാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകളിലൂടെ ഉരുത്തിരിയുന്ന ഇത്തരം മുൻഗണനാ നിർദ്ദേശങ്ങളിൽ നല്ലൊരു പങ്കം നടപ്പിലാകാതെ പോകുന്നത് ഒട്ടും ആശാസ്യമല്ല.

വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ട് നടപ്പിലാക്കിയതിന് ശേഷം മോണിറ്ററിംഗ് സമിതിയായി മാറണമെന്നും, കഴിഞ്ഞ ഇരുപത് വർഷത്തെ അനുഭവങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണയോടെ വേണം പ്രോജക്ടുകൾ തയ്യാറാക്കേണ്ടത് എന്നത് വർക്കിംഗ് ഗ്രൂപ്പ് കൃത്യമായി പരിശോധിച്ചിരിക്കണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഉത്തരവിനനുസൃതമായി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ട പദ്ധതികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ചർച്ച ചെയ്യപ്പെട്ടതിന്റെയോ, എടുത്ത തീരുമാനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. തൻ വർഷം നടപ്പിലാക്കിയ പദ്ധതികളിലൊന്നും തന്നെ ഈ ഉത്തരവിൽ നിർദ്ദേശിക്കും പ്രകാരം മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(20) ലഭിച്ച മറുപടിയിൽ ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് വർക്കിംഗ് ഗ്രൂപ്പിലെ നിർദ്ദേശങ്ങൾ എല്ലാം തന്നെ നടപ്പിലാക്കാൻ കഴിയാത്തതെന്നും, വരും വർഷങ്ങളിൽ വർക്കിംഗ് ഗ്രൂപ്പ് ചർച്ച സഹിതം മിനിറ്റ്സ് രേഖപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. വരും വർഷങ്ങളിൽ മോണിറ്ററിംഗ് റിപ്പോർട്ട് വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിനായി പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ ശരിയായ രീതിയിൽ പാലിക്കപ്പെടുന്നുണ്ട് എന്നത് ഉറപ്പു വരുത്തേണ്ടതാണ്.

## 1-18 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് -അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. തന്മൂലം എല്ലാ വ്യാപാരികളും ലൈസൻസ് എടുക്കുന്നതായോ തൊഴിൽ നികുതി ഒടുക്കുന്നതായോ ഉറപ്പുവരുത്താൻ കഴിയുന്നില്ല. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ക്രിയാത്മകമായ ഇടപെടൽ നടത്തിയതായി കാണുന്നില്ല. ആകെ 171 സ്ഥാപനങ്ങൾ മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളു. എല്ലാ വ്യാപാരസ്ഥാപനങ്ങളെ കൊണ്ടും ലൈസൻസ് എടുപ്പിക്കുന്നതിനും അവരെ തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവരുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ, റേഷൻ കടകൾ, പാൽ സൊസൈറ്റികൾ ഡി & ഒ ലൈസൻസ് എടുത്തിട്ടില്ല.

1996 ലെ പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1 പ്രകാരം ലൈസൻസ് ആവശ്യമുള്ള, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ, റേഷൻ ഡിപ്പോകൾ (പട്ടിക ക്രമ നം-149) പാൽ സൊസൈറ്റികൾ (ക്രമ നം-132) വിവരങ്ങളും അവ ലൈസൻസ് എടുത്തിട്ടുണ്ടോ എന്നതും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (1/5.3.21)ന് മറുപടി നൽകിയിരിക്കുന്നത് ഈ സ്ഥാപനങ്ങളെ കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും കത്ത് നൽകുകയും ചെയ്തതായാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 9 റേഷൻ വ്യാപാരികൾ പ്രവർത്തിക്കുന്നുണ്ട്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നം. (സി.എസ്) എ-9764/2019 കത്ത് പ്രകാരം റേഷൻകടകൾ ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഒടുക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന റേഷൻ ഷോപ്പുകളിൽ നിന്നും നികുതി, ഫീസ് എന്നിവ ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഷോപ്പ് നം. | വാർഡ് | ലൈസൻസി |
|---|---|---|---|
| 1 | ARD 68 | 8 | സന്ധ്യ കുഞ്ഞുമോൻ, ഊരുക്കരി പി.ഒ, രാമങ്കരി |
| 2 | ARD 6 | 6 | സാലിമ്മ സെബാസ്റ്റ്യൻ, തട്ടാശ്ശേരി |
| 3 | ARD 10 | 2 | ഉത്തമൻ, പി.റ്റി ഷാജിമോൻ, പുനയാറ്റുതാഴ്ച്ച ചിറയിൽ |
| 4 | ARD 184 | 3 | മാത്യൂ, കവലയ്ക്കൽ |
| 5 | ARD 247 | 3 | ഫ്രാൻസിസ്, കവലയ്ക്കൽ, രാമങ്കരി |
| 6 | ARD 250 | 4 | ഫിലോ ജോർജ്ജ്, കൈലാത്ത് |
| 7 | ARD 8 | 12 | ജോർജ്ജ് കുട്ടി, ഇല്ലിക്കൽ |

3. ലൈസൻസ് ഫീസിൽ പിഴ ഈടാക്കിയിട്ടില്ല

1996 ലെ കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾകും വ്യാപാരങ്ങൾകും സംരംഭക പ്രവർത്തനനങ്ങൾകും മറ്റ് സേവനങ്ങൾകും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം എതൊരു വർഷം അവസാനിക്കുന്നതിന് 30 ദിവസത്തിനുള്ളിൽ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കണം എന്ന വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതേ ചട്ടങ്ങളിലെ ചട്ടം 19 അനുസരിച്ച് താമസിച്ച് സമർപ്പിക്കുന്ന അപേക്ഷയുടെ സംഗതിയിൽ പട്ടികയനുസരിച്ച് കൊടുക്കേണ്ട ലൈസൻസ് ഫീസിന്റെ 25 % അധിക ഫീസ് ഈടാക്കണമെന്നും നിഷ്കർച്ചിരിക്കുന്നു. എന്നാൽ 2019-20 വർഷത്തിൽ ലൈസൻസ് പുതുക്കാനായി സമർപ്പിച്ച അപേക്ഷകളിൽ ചുരുക്കം ചില അപേക്ഷകളൊഴികെ, ബാക്കിയുള്ളവയെല്ലാം ഫെബ്രുവരി 28 ന് ശേഷമാണ് അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളത്. നിശ്ചിത സമയത്തിന് (ഫെബ്രുവരി 28) ശേഷം സമർപ്പിക്കപ്പെട്ട അപേക്ഷകരിൽ നിന്നും അധിക ഫീസ് ഈടാക്കിയതായി കാണുന്നില്ല.

4. മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കുന്നത് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ, ടി സ്ഥാപനങ്ങൾ നൽകിയിരിക്കുന്ന അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി പ്രസ്തുത ചട്ടത്തിലെ പട്ടിക 3 പ്രകാരം ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല.

അപേക്ഷകരുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ | വാർഡ് നം/ | ഉടമസ്ഥന്റെ | യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കിയ | കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| നം: | കെട്ടിട നം. | പേര് | | | ഫീസ് | |
| 1 | XII/3 | ബിൻസി മാത്യു | 7.5 HP | 100 | - | 100 |
| 2 | II/287 | എൻ.ഡിജോസഫ് | 10 HP | 100 | - | 100 |
| 3 | VIII/104 | സ്വപ്ന വർഗ്ഗസ് | 10HP | 100 | - | 100 |
| 4 | IX/156 | ജോർജ്ജ് കെ.ജെ | 10hp | 100 | | 100 |
| 5 | 1V/6A | അനിൽ കുമാർ.പി | 3HP | 50 | - | 50 |
| 6 | III/336/A | നീതാമോൾ ജോർജ്ജ്കുട്ടി | 10 Hp | 100 | - | 100 |
| 7 | X11/156 | കെ.ജെ.ബേബി | 10Hp | 100 | - | 100 |
| 8 | X111/256A | ഷാന്റി ദിനേശൻ | 10HP | 100 | - | 100 |
| 9 | V/308 | പി.സി വർഗ്ഗീസ് | 3HP | 50 | - | 50 |
| 10 | V/149A | സുനിൽ കുമാർ എ.എൻ | 8.5 | 100 | - | 100 |

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം232(1) 233(എ) അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്.

## 1-19 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(Ii)എ(I) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ ഒരു തദ്ദേശസ്വയം ഭരണ സ്ഥാപന പരിധിയിൽ 60ദിവസം ജോലി /തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയനാകും .എന്നാൽ 2019-20 കാലയളവിൽ പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ ചുവടെ പേരു ചേർക്കുന്ന കരാറുകാരിൽ (എഞ്ചിനീയറിംഗ് വിഭാഗത്തിലെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം) നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് /വിലാസം |
|---|---|
| 1 | കെ.കെ വർക്കി,കൊച്ചുതെള്ളിയിൽ,പുതുക്കരി. |
| 2 | സജീഷ് റ്റി.എസ്,തോണിപ്പറമ്പ്,പുളിക്കുന്ന്. |
| 3 | ജോജി ജോസഫ്,ഇടശ്ശേരി പറമ്പിൽ,കണ്ണാടി പി.ഒ |
| 4 | സജിമോൻ ജോസഫ്,ഇടശ്ശേരി പറമ്പിൽ,കണ്ണാടി പി.ഒ. |
| 5 | കെ.എക്സ്.വർഗ്ഗീസ്,ചതുരവടയിൽ,മണലാടി |
| 6 | പ്രസന്നൻ കെ.കെ കൊല്ലമള്ളിൽ,മുട്ടാർ. |
| 7 | കെ.സന്തോഷ്,അട്ടിയിൽ,വെളിയനാട് |
| 8 | പി.കെ മുരളിധരൻ,ലൗലി നിവാസ്,രാമങ്കരി |
| 9 | ശ്രീനാഥ്.പി.വി,പടിഞ്ഞാറെ പണ്ടാരത്തിൽ,വേഴപ്ര. |
| 10 | സിജു ,വി,പുത്തൽചിറ,പുളിക്കുന്ന്. |
| 11 | പി.റ്റി.തോമസ്,പുത്തൽവീട്ടിക്കളം,പുളിക്കുന്ന്. |
| 12 | സൈലേഷ് കുമാർ,ഹരിശ്രീ നിലയം,കാഞ്ഞിരപ്പുഴ. |
| 13 | കെ.,ഷാജി കിഴക്കേടം,കിടങ്ങറ. |
| 14 | സാലിച്ചൻ എം എ,പോളക്കല്,കൊട്ടപ്പുന്ന പി.ഒ |
| 15 | സന്തോഷ് എ.ജി,അരുപറയിൽ,മുട്ടാർ. |

ഇതു സംബന്ധിച്ച് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം-23/15.03.21,ഗ്രാമപഞ്ചായത്തിൽ 2019-20 വർഷത്തിൽ വിവിധ പ്രവർത്തികളിലേയ്ക്ക് കരാറുവെച്ചിട്ടുള്ളവരുടെ കരാറുകാരുടെ തൊഴിൽ ദിവസം സംബന്ധിച്ച രേഖകൾ ലഭ്യമാക്കാത്തതിനാലാണ് തൊഴിൽ നികുതി ചുമത്തുന്നതിന് സാധിക്കാതിരുന്നത് എന്ന് മറുപടി ലഭ്യമാക്കി.പഞ്ചായത്ത് ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 രജിസ്റ്റർ സൂക്ഷിപ്പിലെ ന്യൂനതകൾ

ഗ്രാമപഞ്ചായത്തിൽ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. വിശദാംശം ചുവടെ ചേർക്കുന്നു

1.തൊഴിൽ നികുതി രജിസ്റ്റർ - സ്ഥാപനത്തിന്റെ പേരും ഈടാക്കിയ നികുതിയും മാത്രമാണ് തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജീവനക്കാരുടെ പേരു വിവരം, വരുമാനം എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

2.എഗ്രിമെന്റ് രജിസ്റ്റർ (അസിസ്റ്റന്റ് എൻജിനീയർ)- എസ്റ്റിമേറ്റ് തുക, പി.എ.സി, പൂർത്തീകരണ തീയതി എന്നീ വിവരങ്ങൾ ഉൾപ്പെടുത്താതെയാണ് എഗ്രിമെന്റ് രജിസ്റ്റർ തയ്യാറാക്കിയിരിക്കുന്നത്.

3.ലോൺ രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് ബാലൻസ് രജിസ്റ്റർ എന്നിവയും സൂക്ഷിക്കുന്നില്ല.

4.ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

(എ)ഓരോ സാമ്പത്തിക വർഷത്തെയും ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ സംബന്ധിച്ച സമഗ്രമായ വിവരം തയ്യാറാക്കി സൂക്ഷിക്കുന്നില്ല. കുറച്ച് വിവരങ്ങൾ പെർമിറ്റ് രജിസ്റ്ററിലും ബാക്കി സോഫ്റ്റ്വെയറിലും മറ്റ് വിവരങ്ങൾ ഫയലിലും എന്ന രീതിയിലാണ് പരിശോധനക്ക് ലഭ്യമാകുന്നത്. ആകെ അപേക്ഷകൾ, പെർമിറ്റ് അനുവദിച്ചവ, നിരസിച്ചവ, റഗുലറൈസേഷനുള്ള അപേക്ഷകൾ, ഒടുക്കിയ ഫീസ്, പെർമിറ്റ് അനുവദിച്ച തീയതി, പെർമിറ്റ് കാലാവധി, റഗുലറൈസേഷൻ ഫീസ് എന്നിങ്ങനെ പെർമിറ്റ് സംബന്ധമായ അടിസ്ഥാന വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല.

2(ബി) കെട്ടിട നിർമ്മാണ അപേക്ഷകളുടെ തീർപ്പാക്കൽ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തുന്നില്ല. നിരസിച്ചതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ പ്രത്യേകമായി രേഖപ്പെടുത്തുന്നുമില്ല.
മേൽ വിഷയം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 തുക മുൻകൂറായി നൽകിയിട്ടും കമ്പ്യൂട്ടറും പ്രിന്ററും നാളിതുവരെയായും ലഭിച്ചിട്ടില്ല

"പഞ്ചായത്ത് ഓഫീസിലേക്കും ഘടകസ്ഥാപനങ്ങളിലേക്കും കമ്പ്യൂട്ടറും പ്രിന്ററും" എന്ന പ്രോജക്ട് പ്രകാരം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സെൻട്രലൈസ്ഡ് പ്രോക്യൂർമെന്റ് സംവിധാനം വഴി വാങ്ങുന്നതിന് കെൽട്രോണിന് 149839/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. പ്രോജക്ട് വിശദാംശം ചുവടെ കൊടുക്കുന്നു.

പ്രോജക്ട് നം.: 111/2020

അടങ്കൽ : 1,50,000 (വികസനഫണ്ട്- 20000; ധനകാര്യ കമ്മീഷൻ ഗ്രാന്റ് -130000)

ചെലവ് : 149839/- ( 1.ബിൽ നം. 12/19-20 / 21.10.19- 94984/-

2.ബിൽ നം. 25/19-20 / 19.03.20- 14726/-

3.ബിൽ നം. 26/19-20 /19.03.20- 5274/-

4.ബിൽ നം. 27/19-20 / 19.03.20- 34855/-)

സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മറ്റും കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ തുടങ്ങിയ ഐ.റ്റി. ഉപകരണങ്ങൾ കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ (Cprcs.Kerala.Gov.In) മുഖേന വാങ്ങേണ്ടതാണെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും (01.02.2018-ലെ സ.ഉ.(സാധാ)നം. 25/2018/ITD) ഇലക്ട്രോണിക്സും വിവര സാങ്കേതികാ വകുപ്പിന്റെ 18.03.19-ലെ സർക്കുലർ പ്രകാരം തുടർ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും ചെയ്ത സാഹചര്യത്തിൽ ടി പോർട്ടൽ വഴി വർക്ക് ഓർഡർ നൽകാൻ സെക്രട്ടറിയുടെ 14.10.2019-ലെ C2-3128/2019 നമ്പർ നടപടിക്രമം മുഖേന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിൽ പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ള ധനകാര്യ കമ്മീഷൻ അവാർഡ് തുകയിൽ നിന്നും 94984/- രൂപ 2 കമ്പ്യൂട്ടർ, 1 പ്രിന്റർ എന്നിവ ലഭ്യമാക്കുന്നതിന് മുൻകൂർ തുകയായി M/S കെൽട്രോൺ, സിപിആർസിഎസ് പേർക്ക് നൽകിയിട്ടുണ്ട് ( Kerala State Electronics Development Corporation).

- കെൽട്രോണിന്റെ ഇൻവോയ്സ് നം TVM/ITBG/PI/RC/8649/17-18 Dt: 24.08.19 പ്രകാരം 2 Medium End ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾക്കായി 80258/- രൂപയും ഇൻവോയ്സ് നം. TVM/ITBG/PI/RC/8647/17-18 Dt: 24.08.19 പ്രകാരം A4 Multifunction Printer -ന് ആയി 14726/- രൂപയും ഉൾപ്പെടെ 94984/- രൂപ സ്ഥാപനത്തിന് മുൻകൂർ ആയി നൽകിയിട്ടുണ്ട്.
- കെൽട്രോണിന്റെ ഇൻവോയ്സ് നം. TVM/ITBG/PI/RC/16345/19-20 Dt: 02.03.20പ്രകാരം 1 Medium End ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറിനായി 40129/- രൂപയും ( 5year Comprehensive Onsite Warranty- OS Win10 Prof Latest Version) ഇൻവോയ്സ് നം TVM/ITBG/PI/RC/8647/17-18 Dt: 24.08.19 പ്രകാരം A4 Multifunction Printer -ന് ആയി 14726/- രൂപയും ഉൾപ്പെടെ 54855/- രൂപ സ്ഥാപനത്തിന് മുൻകൂർ ആയി നൽകിയിട്ടുണ്ട്.

ജനറൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം 94984/- രൂപ ആകെ വിലമതിക്കുന്ന രണ്ട് കമ്പ്യൂട്ടറുകളും ഒരു പ്രിന്ററും മാത്രമാണ് ലഭിച്ചതായി കാണുന്നത്. 54855/- രൂപയുടെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ നാളിതുവരെയായും ലഭിച്ചിട്ടില്ല. കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കുമായി പ്രത്യേകം രജിസ്റ്റർ പരിപാലിക്കേണ്ടതാണെന്ന സർക്കാർ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. ജനറൽ സ്റ്റോക്ക് രജിസ്റ്ററിനു പുറമേ ഓഡിറ്റിൽ ഹാജരാക്കിയ രജിസ്റ്റർ എ.എം.സി. സംബന്ധമായ രജിസ്റ്ററാണ്. സർക്കുലർ നം.86/2010/ധനം തീയതി:24.09.2010 അനുശാസിക്കും വിധമുള്ള പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കേണ്ടതും അതിൽ വാറന്റി സംബന്ധിച്ച് രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

## 1-22 ഡെപ്പോസിറ്റ് പ്രവൃത്തി- പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

ഡെപ്പോസിറ്റ് പ്രവൃത്തിയായി പൈപ്പ് ലൈൻ ദീർഘിപ്പിക്കലിന് കേരള വാട്ടർ അതോറിറ്റിക്ക് തൻവർഷം രണ്ട് പ്രോജക്ടുകൾ മുഖാന്തിരം തുക മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

I) പ്രോജക്ട് നം.: 112/2020 (ചെറുവള്ളി മുതൽ രാമങ്കരി അമ്പലം വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ)

അടങ്കൽ : 4,50,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ചെലവ് : 4,50,000/- (ബിൽ നം. 17/19-20 / 24.12.19)

II) പ്രോജക്ട് നം.: 113/2020 (കൊട്ടയിൽ മുതൽ നെല്ലിവേലി വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ)

അടങ്കൽ : 50,000(ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ചെലവ് : 50,000/- ( ബിൽ നം. 18/19-20 / 24.12.19)

18.02.2020-ൽ സെക്രട്ടറിയും എക്സിക്യൂട്ടീവ് എഞ്ചിനീയർ, പബ്ലിക് ഹെൽത്ത് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, തിരുവല്ലയും തമ്മിൽ ഏർപ്പെട്ട കരാർ പ്രകാരം ടി പ്രവൃത്തികൾ 2020 ജനവരി മാസം ആരംഭിച്ച് 2020 മാർച്ചിൽ പൂർത്തിയാക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല.

മേൽ വിഷയത്തിന്മേൽ നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 25/15.03.21 )ലഭ്യമാക്കിയ മറുപടിയിൽ ടി പ്രവൃത്തികൾ നടന്നു വരികയാണെന്നും പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുമാണ് എന്ന് വ്യക്തമാക്കി. കരാർ പ്രകാരം 2020- മാർച്ചിൽ പൂർത്തീകരിക്കേണ്ടിയിരുന്ന ഡെപ്പോസിറ്റ് പ്രവൃത്തി ഓഡിറ്റ് വേളയിലും (2021 മാർച്ച് ) ഡെപ്പോസിറ്റ് പ്രവൃത്തി ഏറ്റെടുത്ത ഏജൻസി പൂർത്തീകരിച്ചിട്ടില്ല. നിശ്ചിത സമയ പരിധി കഴിഞ്ഞ് പൂർത്തീകരിക്കുമ്പോഴുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് വാട്ടർ അതോറിറ്റിയ്ക്ക് ഉത്തരവാദിത്വമോ പിഴയോ നിശ്ചയിക്കുന്ന വ്യവസ്ഥകളൊന്നും കരാറിൽ ചമയ്ക്കാതിരുന്നതു മൂലമാണ് പ്രവൃത്തി അനന്തമായി നീണ്ടുപോകാൻ കാരണമെന്നും ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതു വരെ ചെലവ് തുക 5,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22(1) പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- വിനിയോഗ രേഖകളില്ല-

2019-20 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ജനറൽ വിഭാഗത്തിലെ ഗുണഭോക്താക്കൾക്കായി ഏഴാം വാർഡിൽ കോളനി നമ്പർ 81 മുതൽ പടിഞ്ഞാറോട്ട് പൈപ്പ് ലൈൻ നീട്ടൽ എന്ന പദ്ധതി ആവിഷ്കരിക്കുകയും (പ്രോജക്ട് നം. SO-107/20), ചുവടെ ചേർക്കും പ്രകാരം വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

ബിൽ നം. 15/19-20, 10-10-19- 375000/-

എക്സിക്യൂട്ടീവ് എൻജിനീയർ, പബ്ലിക് ഹെൽത്ത് ഡിവിഷന്റെ പേരിൽ ബിൽ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

മേൽ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി- 07/09-03-2021) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ പദ്ധതിക്കായി ചെലവഴിച്ച 375000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 എസ്.എസ്.എ -വിനിയോഗ വിവരം ലഭ്യമല്ല

2019-20 വർഷം ഹെഡ്മാസ്റ്റർ, നടപ്പാക്കിയ എസ്.എസ്.എ വിഹിതം നൽകൽ എന്ന പ്രോജക്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം.: 05/2020

അടങ്കൽ : 4 ലക്ഷം (വികസനഫണ്ട് )

ചെലവ് : 4 ലക്ഷം (ബിൽ നം. 01/19-20 / 24.08.19)

പഞ്ചായത്ത് പരിധിയിലുള്ള സർക്കാർ സ്കൂളുകളിൽ എസ്. എസ്.എ. നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വാർഷിക ബജറ്റ് പ്ളാൻ, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ 40% വിഹിതത്തിന്റെ ചെലവ് പത്രിക, വിശദമായ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല. അപാകതകളിന്മേൽ വിശദീകരണമാരാഞ്ഞ് 15.03.21-ൽ നൽകിയ 18-ാം നമ്പർ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 4 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 ഫർണ്ണീച്ചർ വാങ്ങൽ -പ്രോജക്ടിലെ അപാകതകൾ

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും എന്ന പ്രോജക്ട് പ്രകാരം എസ്.സി.പി. വികസനഫണ്ടിൽ നിന്നും ഫർണ്ണീച്ചറിനായി തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

പ്രോജക്ട് നം. 61/20

അടങ്കൽ : 2,20,000 (വികസനഫണ്ട് എസ്.സി.പി.)

ചെലവ് : 205080 (ബിൽ നം. 02/19-20 / 24.08.19)

1) ഫർണ്ണീച്ചർ സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചതായി കാണുന്നില്ല. HM/1//19-20 -ലെ കത്ത് പ്രകാരം മേശ, കസേര 60 എണ്ണം വീതം നൽകുന്നതിന് ശബരി സ്റ്റീൽ ഫർണ്ണീച്ചർ, കൊട്ടാരക്കര എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്.

2) ഫർണ്ണീച്ചറുകൾ സ്റ്റോക്കിലെടുത്തതായോ വിതരണം ചെയ്തതായോ ഉള്ള രേഖകൾ ലഭ്യമല്ല.

3) സ്ഥാപനത്തിന്റെ ബില്ലുകൾ പ്രകാരം (K-037/16.01.20, V-49/09.01.20, K-040/10.01.20) 207843/- രൂപയുടെ (യഥാക്രമം 82032/-,74910/-,50901/-) ബില്ലുകൾ സമർപ്പിച്ചതായി കാണുന്നു. മേൽ ബില്ലുകൾ പ്രകാരം 60 ടേബിളുകളും 42 കസേരകളും ആണ് കാണിച്ചിരിക്കുന്നത്. എന്നാൽ മേശ, കസേര 60 എണ്ണം വീതം നൽകുവാനാണ് സപ്ലൈ ഓർഡർ പ്രകാരം നൽകിയിട്ടുള്ളത്. ഇപ്രകാരമുള്ള പൊരുത്തക്കേടിന്റെ കാരണം വ്യക്തമല്ല. അപാകതകളിന്മേൽ വിശദീകരണമാരാഞ്ഞ് 15.03.2021 ൽ നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.18 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 205080/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 ഗെയിംസ് ഫെസ്റ്റിവൽ- പ്രോജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ

ഗെയിംസ് ഫെസ്റ്റിവൽ (പ്രോജക്ട് നം.77/20) എന്ന പ്രോജക്ടിൽ തദ്ദേശീയമായി കായിക പരിശീലനം നടത്തി പ്രതിഭകളെ കണ്ടെത്തുകയാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്താനും ആയതിന് തുക വകയിരുത്തി ചെലവ് നടത്താനും പ്രോജക്ടിൽ ലക്ഷ്യമിട്ടിരുന്നു.

- പരിശീലകനുള്ള ഫീ - 18,000/-
- സെലക്ഷൻ ട്രയൽസ് - 4000/-
- യൂണിഫോം - 4000/-
- ട്രോഫി -3000/-
- സർട്ടിഫിക്കറ്റ് വിതരണം - 3000/-
- ക്യാഷ് അവാർഡ് - 4000/-
- കനോയിംഗ് & കയാക്കിംഗ് പരിശീലനം - 4000/-

അടങ്കൽ :40,000(വി.ഫ.)

ചെലവ് : 40,000 ( ബിൽ നം. 03/19-20 / 31.03.20)

എന്നാൽ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഗെയിംസ് ഫെസ്റ്റിവലിന് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയ വകയിലാണ് വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചിട്ടുള്ളത്. പ്രസ്തുത തുക ആലപ്പി സ്പോർട്സ് - ന് ഓൺലൈൻ ട്രാൻസ്ഫറായി നൽകുകയാണുണ്ടായത്. (ഇൻവോയ്സ് നം. AS-7112/19-20 /27.03.20- 8 ഇനം സ്പോർട്സ് സാമഗ്രികൾ 40,040/- രൂപ).

സാമഗ്രികൾ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതായുള്ള രേഖകളും ലഭ്യമല്ല. അംഗീകരിച്ച പ്രോജക്ടിൽ വ്യതിചലിച്ച് ഇപ്രകാരം ചെലവ് നടത്തിയതിനും ക്വട്ടേഷൻ രേഖകളും ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് ( നം.18/15.03.221) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 പുസ്തകങ്ങളുടെ സ്റ്റോക്ക്, വിതരണ രേഖൾ ലഭ്യമല്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ "വിവിധ ലൈബ്രറികൾക്ക് പ്രസിദ്ധീകരണം" എന്ന പ്രോജക്ടിൽ 491 പുസ്തകങ്ങൾ ബ്ലോക്ക് വിഹിതം ഉപയോഗിച്ച് വാങ്ങിയതായി കാണുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

പ്രോജക്ട് നം. 120/20( )

അടങ്കൽ :49,000/-( ബ്ലോക്ക് വിഹിതം.)

ചെലവ് : 49,000/- ( ചെക്ക് നം. 2783206/25.10.19)

ചെലവ് വൌച്ചറുകൾ പരിശോധിച്ചതിൽ Kerala State Book Mark എന്ന സ്ഥാപനത്തിന്റെ 9851 To 9876 വരെയുള്ള ബില്ലുകൾ പ്രകാരം 491 ബുക്കുകളുടെ വിലയായി സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്. എന്നാൽ പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തതായോ വിതരണം നടത്തിയതായോയുള്ള രേഖകൾ ലഭ്യമല്ല. അപാകകളിന്മേൽ വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.18/15.03.2021) മറുപടി ലഭ്യമാക്കിയില്ല. മേൽ ന്യൂനതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 49,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 നിശ്ചിത തീയതിക്കകം കരാർ വെയ്ക്കാത്തവരിൽ നിന്നും പിഴ ഈടാക്കിയില്ല-

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ രേഖകൾ പരിശോധിച്ചതിൽ വിവിധ കരാറുകാർ സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കുള്ളിൽ കരാർ ചമച്ചിട്ടില്ലായെന്ന് കണ്ടു. 2012 ലെ കേരള പി.ഡബ്ല്യൂ.ഡി മാനവൽ സെക്ഷൻ 2009-6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമക്കേണ്ടതാണ്. അതിനുശേഷം 10 ദിവസം വരെ 1% പിഴയോടുകൂടിയും മാത്രമേ കരാർ ചമയ്ക്കാവൂ. ഇപ്രകാരം ഫൈൻ ഈടാക്കാതിരുന്നതു മൂലമുണ്ടായ നഷ്ടത്തിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ വിവരങ്ങൾ | സെലക്ഷൻ നോട്ടീസിലെ രേഖപ്പെടുത്തലുകൾ പ്രകാരം കരാർ വെയ്ക്കേണ്ട തീയതി. | കരാർ വെച്ച തീയതി | ഈടാക്കേണ്ട പിഴ.1% നിരക്കിൽ | ഈടാക്കിയത് | ബാക്കി ഈടാക്കാനുള്ളത് |
|---|---|---|---|---|---|
| കനകായം തോട് മുതൽ 24 ൽ പാലം വരെ റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നം. 39/20<br>അടങ്കൽ-300000/-<br>ആകെ മൂല്യം-267265/-<br>കരാറുകാരൻ- K.K.വർക്കി.<br>കരാർ തുക – 267265/-<br>കരാർ നം./തീയതി-01/AE/ LSGD/RMKY/20-21, Dt.28-10-2019.<br>MB.No.2/2019-20.<br>ബിൽ നം, തീയതി,തുക- 19/19-20, 29/11/2019, 299337/- | 30-09-19 | 28-10-19 | 2672/- | 0 | 2672/-- |
| 5-ാം വാർഡിൽ കോയിക്കൽ മുതൽ തുണ്ടി പറമ്പ് വരെ റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നം. എസ്സ്.ഓ31/20.<br>അടങ്കൽ-340000/-<br>ആകെ മൂല്യം-303213/-<br>കരാറുകാരൻ- K.K.പ്രസന്നൻ<br>കരാർ തുക – 303213/-<br>കരാർനം./ തീയതി-04/AE/LSGD/RMKY/20-21,Dt.28-10-2019.<br>MB.No.5/2019-20.<br>ബിൽ നം, തീയതി,തുക- 31/19-20, 21/01/2020, 334000/- | 30-09-19 | 28-10-19 | 3032/- | 0 | 3032/-- |
| 2-ാം വാർഡിൽ മുക്കം പാലം മുതൽ മണലാടി ബോട്ട് ജെട്ടി വരെ റോഡ് കോൺക്രീറ്റിംഗ്<br>പ്രൊജക്ട് നം. എസ്സ്.ഓ032/20.<br>അടങ്കൽ-250000/-<br>ആകെ മൂല്യം-223145/-<br>കരാറുകാരൻ- K.X.വർഗ്ഗീസ്. | 30-09-19 | 28-10-19 | 2231 | 0 | 2231 |

| | | | | | |
|---|---|---|---|---|---|
| കരാർ തുക – 223144/-<br><br>കരാർനം./<br>തീയതി-06/AE/LSGD/RMKY/20-21,Dt.28-10-2019.<br><br>MB.No.14/2019-20.<br><br>ബിൽ നം, തീയതി,തുക- 1) 40/19-20, 23/03/2020, 50000/-<br><br>2)41/19-20, Dt. 23/03/2020 | | | | | |
| 1-ാം വാർഡിൽ പടിഞ്ഞാറേക്കാപ്പ പാലം മുതൽ പൂറവടി വരെ റോഡ് കോൺക്രീറ്റിംഗ്.<br><br>പ്രൊജക്ട് നം. 16/20.<br><br>അടങ്കൽ-300000/-<br><br>ആകെ മൂല്യം-299827/-<br><br>കരാറുകാരൻ- സജീഷ്.ടി.എസ്സ്.<br><br>കരാർ തുക – 267703/-<br><br>കരാർനം./<br>തീയതി-17/AE/LSGD/RMKY/20-21,Dt.29-10-2019.<br><br>MB.No.01/2019-20.<br><br>ബിൽ നം, തീയതി,തുക- 1) 18/19-20, 29/11/2019, 299827/- | 14-10-19 | 29-10-19 | 2677 | 0 | 2677 |
| 7-ാം വാർഡിൽ പത്തിൽ പാലം മുതൽ പതിനഞ്ചിൽ പാലം വരെ റോഡ് കോൺക്രീറ്റിംഗ്.<br><br>പ്രൊജക്ട് നം. 35/20.<br><br>അടങ്കൽ-500000/-<br><br>ആകെ മൂല്യം-373957/-<br><br>കരാറുകാരൻ- പ്രസന്നൻ.കെ.കെ.<br><br>കരാർ തുക – 378267/-<br><br>കരാർനം./<br>തീയതി-19/AE/LSGD/RMKY/20-21,Dt.29-10-2019.<br><br>MB.No.09/2019-20.<br><br>ബിൽ നം, തീയതി,തുക-<br><br>1) 25/19-20, 21/01/2020, 318832/-<br><br>1) 28/19-20, 21/01/2020, 100000/- | 30-09-19 | 29-10-19 | 3782 | 0 | 3782 |
| ആകെ | | | | | 14394 |

നിശ്ചിത തീയതിക്കകം കരാർ വെയ്ക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കാതെ മുഴുവൻ തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-13/10-03-2021) ലഭ്യമാക്കിയ മറുപടിയിൽ പ്രളയം മൂലം കരാറുകാർക്ക് ഓഫീസിൽ എത്തിച്ചേരുന്നതിന് യാത്രാസൌകര്യം ഇല്ലായിരുന്നുവെന്നും ട്രഷറിയിലും ബാങ്കിലും പോകുന്നതിന് ആയത് തടസ്സമായി എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ഈ കാലയളവിൽ ഓഫീസ് തുറന്നു പ്രവർത്തിച്ചിട്ടുള്ളതാണ്. മാത്രവുമല്ല, ഇപ്രകാരം കാലാവധി നീട്ടി നൽകിയത് സംബന്ധിച്ച് കമ്മിറ്റി തീരുമാനവുമെടുത്തിട്ടില്ല. ആയതിനാൽ ഈ മറുപടി

അംഗീകരിക്കാവുന്നതല്ല. ടി തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി അടവു വരുത്തേണ്ടതും, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-28 ടാർ വീപ്പയുടെ വില ഈടാക്കിയില്ല-

2019-20 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ടാർ ഉപയോഗിച്ച് നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികൾക്ക് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റുകളിൽ ടാറിന് പാക്ക്ഡ് ബിറ്റുമിന്റെ വിലയാണ് നൽകിയിട്ടുള്ളത്. എന്നാൽ ഫൈനൽ ബിൽ തയ്യാറാക്കി തുക നൽകിയപ്പോൾ ടാർ വീപ്പയുടെ വില കുറവ് ചെയ്യാതെ തുക നൽകി. വിശദവിവരം ചുവടെചേർക്കുന്നു.

| പ്രവർത്തിയുടെ വിവരങ്ങൾ | ഉപയോഗിച്ച ടാറിന്റെ അളവ്/കുറയ്ക്കേണ്ട ബാരലിന്റെ എണ്ണം | തുക (1 ബാരലിന് 250/- രൂപ പ്രകാരം | കുറവ് |
|---|---|---|---|
| വാർഡ് 3-ൽ ആറുപറ മുതൽ മുതൽ രാമൻകരി എൽ.പി. എസ് വരെ ടാറിംഗ്.<br>പ്രോജക്റ്റ് നം. -SO045/19<br>കരാറുകാരൻ - ശ്രീനാഥ്.പി.വി, പടിഞ്ഞാറേ പണ്ടാരത്തിൽ (എസ്റ്റിമേറ്റ് നിരക്ക്)<br>ബിൽ നം, തീയതി, തുക - 13/19-20, 27-07-19, 500000/- M Book - 21/18-19, | VG-30-966.11kg.- 06<br>RS1-125.92kg. - 01<br>SS1- 389.19kg. - 03<br>10 | 2500 | 2500+ (ബാധകമായ നിരക്കിലുള്ള ജി.എസ്.റ്റി) |
| | | ആകെ | 2500/-+ (ബാധകമായ നിരക്കിലുള്ള ജി.എസ്.റ്റി) |

ഇപ്രകാരം തുക ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയഎൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-14/ 12-03-2021) ലഭിച്ച മറുപടിയിൽ തുക ഒടുക്കി രസീത് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 2500/- ഒടുക്കു വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08-11-2010 ലെ ജി.ഒ (പി) നം. 259/2010- നമ്പർ ഉത്തരവിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പടുത്തിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള സമാഹരണ ചക്രത്തിൽ (Procurement Cycle) ആവശ്യം തിരിച്ചറിയൽ മുതൽ വിലയിരുത്തലും കരാർ അവസാനിപ്പിക്കലും വരെയായി 15 ഘട്ടങ്ങളാണ് ഉൾപ്പടുത്തിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം സെക്രട്ടറി / നിർവ്വഹണ ഉദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ

ടീം രൂപീകരിക്കേണ്ടതും വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതല ടീം നിർവ്വഹിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വാങ്ങൽ പദ്ധതിയുടെ പാരിസ്ഥിതിക, അപായ ഘടകങ്ങൾ പരിശോധിക്കൽ, വിതരണക്കാരേയും സേവനദാതാക്കളേയും തിരിച്ചറിയൽ ലഭ്യമാകുന്ന രേഖകളിൽ വ്യക്തത വരുത്തൽ, വിലയിരുത്തൽ തുടങ്ങി കരാർ അവസാനിപ്പിക്കൽ വരെയുള്ള നടപടികൾ ഈ ടീമിൽ നിക്ഷിപ്തമാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കുന്നതിനായി പ്രസിഡന്റ് ചെയർപേഴ്സണും, വൈസ് പ്രസിഡന്റ് ഡെപ്യൂട്ടി ചെയർപേഴ്സണും സെക്രട്ടറി കൺവീനറും, എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും, നിർവ്വഹണ ഉദ്യോഗസ്ഥരും സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ രണ്ടു പേരും ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. രേഖകളുടെ വസ്തുതാപരമായ കൃത്യത സെക്രട്ടറിയോ, നിർവ്വഹണ ഉദ്യോഗസ്ഥനോ പരിശോധിച്ചതിന് ശേഷം പ്രൊക്യൂർമെന്റ് കമ്മിറ്റി മുൻപാകെ രേഖകൾ സമർപ്പിക്കേണ്ടതാണ്.

രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ തൻവർഷം 19-08-2019, 09-09-2019 എന്നീ തീയതികളിലാണ് പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടിയിട്ടുള്ളത്. ഈ രണ്ടു യോഗങ്ങളിലും വിവിധ വാങ്ങലുകൾ സംബന്ധിച്ച ദർഘാസ്/ടെണ്ടർ അംഗീകരിച്ചു എന്നത് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആകെ 3 പേർ മാത്രമാണ് കമ്മിറ്റിയിൽ പങ്കെടുത്തിട്ടുള്ളത്. മിനിട്ട്സിലെ രേഖപ്പെടുത്തലുകൾ പ്രകാരം ടി ഉത്തരവിൽ നിർദ്ദേശിക്കുന്ന ഔദ്യോഗിക പദവികൾ ഉള്ളവർ എല്ലാം തന്നെ കമ്മിറ്റിയിൽ പങ്കെടുത്തതായി കാണുന്നില്ല. മാത്രവുമല്ല, തൻവർഷം നടത്തിയ വിവിധ വാങ്ങലുകൾ പ്രകാരം വാങ്ങിയ ഉപകരണങ്ങളുടെ ഗുണമേന്മയും കമ്മിറ്റി ഉറപ്പു വരുത്തിയിട്ടില്ല.

പ്രൊക്യൂർമെന്റ് കമ്മിറ്റി, പ്രൊക്യൂർമെന്റ് ടീം എന്നിവ സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്ന ഘടനയിൽ രൂപീകരിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ആയതിന്റെ കാരണവും വ്യക്തമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-26) ലഭ്യമാക്കിയ മറുപടിയിൽ 22-10-2016 ലെ 6(1)-ാം നമ്പർ തീരുമാനപ്രകാരം രൂപീകരിച്ച പ്രൊക്യൂർമെന്റ് കമ്മിറ്റി തുടർന്ന് പോകാൻ നിർദ്ദേശിച്ചതിനാൽ തൻവർഷം പ്രൊക്യൂർമെന്റ് ടീം പുനഃസംഘടിപ്പിച്ചിട്ടില്ലായെന്നും പ്രൊക്യൂർമെന്റ് ടീം, മറുപടി പ്രൊക്യൂർമെന്റ് ടീം, പ്രൊക്യൂർമെന്റ് കമ്മിറ്റി എന്നിവയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്ന ഘടനയിൽ ഇവ രൂപീകരിച്ചിട്ടുണ്ടെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ടി മിനിട്ട്സുകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ മുകളിൽ പരാമർശിച്ചിരിക്കുന്ന വിവരങ്ങളിൽ നിന്നും പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന് വ്യക്തമാണ്. പ്രൊക്യൂർമെന്റ് ടീം, പ്രൊക്യൂർമെന്റ് കമ്മിറ്റി എന്നിവയുടെ പ്രവർത്തനം പദ്ധതി നിർവ്വഹണത്തിൽ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>1-30 ലാപ്ടോപ്പുകൾ വാങ്ങിയതിന് ബിൽ തുകയെക്കാൾ അധികം വില നൽകി</u>

പ്രോജക്ട് നം. -S0015/20(എസ്. സി. വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ്പ്)

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 249733 വികസന ഫണ്ട് (എസ്.സി.പി.)

ചെലവ് - 249733 (ബിൽ നം. 18/20 തീയതി.30.12.2019)

പ്രൊഫഷണൽ/ പ്രൊഫഷണലേതര, ബിരുദ/ ബിരുദാനന്തര കോഴ്സിന് പഠിക്കുന്ന എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനായിരുന്ന പ്രോജക്ട്. കെൽട്രോണിൽ നിന്ന് ലഭ്യമാക്കിയ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 11 ലാപ്ടോപ്പ് CPRCS മുഖേന വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐ.റ്റി. മിഷന് 249733/- രൂപ 30.12.2019 ൽ നൽകിയിട്ടുണ്ട്. ലാപ്ടോപ്പുകൾക്ക് ഒപ്പം ലഭ്യമാക്കിയ ലെനോവയുടെ ടാക്സ് ഇൻവോയ്സിൽ 240130/- രൂപയാണ് ബിൽ തുക (ഇൻവോയ്സ് നം. RV200105004445/30.08.2020). ബിൽ തുകയിൽ 9603/-രൂപയുടെ വ്യത്യാസം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10/10.03.2021 ), വ്യത്യാസം വന്ന തുക തിരികെ ലഭ്യമാക്കുന്നതിന് കെൽട്രോണിന് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. 9603/- രൂപ കെൽട്രോണിൽ നിന്ന് തിരികെ ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## <u>1-31 ലൈഫ് മിഷൻ വായ്പാതിരിച്ചടവ്- വികസനഫണ്ട് എസ്.സി.പി.യിൽ നിന്നും ഉറവിടത്തിൽ കുറവ് ചെയ്തു</u>

ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ട് ജനറൽ, വികസന ഫണ്ട് – എസ്.സി.പി എന്നിവയുടെ രണ്ടും മൂന്നും ഗഡുക്കളിൽ നിന്നും ലൈഫ് ഭവന പദ്ധതി ലോൺ തുക കുറവ് ചെയ്തതിനു ശേഷമുള്ള തുകയാണ് അനുവദിച്ചു നല്കിയത്. എന്നാൽ എസ്.സി. വിഭാഗം ഗുണഭോക്താക്കൾക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം ഹഡ്കോയിൽ നിന്നും വായ്പയിനത്തിൽ തുക വകയിരുത്തിയിരുന്നില്ല. മറ്റ് സ്രോതസുകളിൽ നിന്നാണ് ചെലവ് ചെയ്തിട്ടുള്ളത്. വികസന ഫണ്ടിന്റെ രണ്ടാം ഗഡു (സ.ഉ.(സാധാ)നം.6105/2019/ധന തീയതി. 01.08.2019 തീയതി. ) മൂന്നാം ഗഡു (സ.ഉ.(സാധാ)നം./2019/ധന തീയതി. ...2019) എന്നിങ്ങനെ അനുവദിച്ച ഉത്തരവുകളിൽ

എസ്.സി.പി.ഫണ്ടിൽ നിന്നും 14706- രൂപ വീതം ആകെ 29412 /-രൂപ KURDFCയുടെ ബാങ്ക് അക്കൗണ്ടിലേക്ക് തിരിച്ചടക്കുന്നതിനായി സ്രോതസിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ഈയിനത്തിൽ ഫണ്ടിൽ നിന്നും കുറവ് ചെയ്ത തുക തിരികെ ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 ലൈഫ് ഭവന പദ്ധതി- അവലോകനം

അർഹതയുള്ള സ്വന്തമായി സ്ഥലമുള്ള ഭവനരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും വാസയോഗ്യമായ ഭവനം നൽകുക എന്ന ലക്ഷ്യം മുൻനിർത്തി ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഈ പദ്ധതിയിൽ ഗ്രാമ പഞ്ചായത്തിൽ 27 ഭവനരഹിതർ, 43 ഭൂരഹിത ഭവനരഹിതർ ഉൾപ്പടെ ആകെ 70 ഗുണഭോക്താക്കളാണ് ഉള്ളത്. തദ്ദേശ സ്ഥാപനവുമായി കരാർ വച്ചവരുടെ എണ്ണം- 42 (SC-) നിർമ്മാണം ആരംഭിച്ചവരുടെ എണ്ണം-42(SC-7).

നിർമ്മാണം പൂർത്തിയാക്കിയവരുടെ എണ്ണം-28 (SC-2)

2018-19 ൽ ഈ പദ്ധതിയ്ക്കായി ചെലവഴിച്ച തുകയുടെ വിവരം

| | ഗ്രാമ പഞ്ചായത്ത് വിഹിതം | ബ്ലോക്ക്പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | സംസ്ഥാന വിഹിതം | വായ്പ തുക |
|---|---|---|---|---|---|
| ജനറൽ(പ്രോജക്ട് നം.18) | 3315200 | 500000 | 200000 | - | 4640000 |
| എസ്.സി. (പ്രോജക്ട് നം.22) | 800000 | | | | . |

2019-20 ൽ ഈ പദ്ധതിയ്ക്കായി ചെലവഴിച്ച തുകയുടെ വിവരം

| | ഗ്രാമ പഞ്ചായത്ത് വിഹിതം | ബ്ലോക്ക്പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | സംസ്ഥാന വിഹിതം | വായ്പ തുക |
|---|---|---|---|---|---|
| ജനറൽ(പ്രോജക്ട് നം.10&91) | 1344800 | - | - | 600000 | - |
| എസ്.സി. (പ്രോജക്ട് നം.108) | 320000 | - | - | - | - |

ടി പദ്ധതിപ്രകാരം നടന്നിട്ടുള്ള ഭവനനിർമ്മാണത്തിന്റെ ഘട്ടം തിരിച്ചുള്ള വിവരം

| കരാർ ചമച്ചവർ | ബേസ്മെന്റ് പൂർത്തിയാക്കിയവർ | ലിന്റൽ പൂർത്തിയാക്കിയവർ | മേൽക്കൂര പൂർത്തിയാക്കി വീട് വാസയോഗ്യമാക്കിയവർ | റിമാർക്സ് |
|---|---|---|---|---|
| ജനറൽ-35 | 3 | 3 | 26 | മൂന്ന് പേർ നിർമ്മാണം ആരംഭിച്ചു |
| എസ്.സി.-7 | 5 | | 2 | |
| ആകെ-42 | 8 | 3 | 28 | |

## 1-34 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം

| ക്രമ നം. | ഇനം | വിവരം |
|---|---|---|
| 01 | ഗ്രാമപഞ്ചായത്ത് 2019-20 വർഷത്തെ പദ്ധതിയിൽ ആകെ ചെലവഴിച്ച തുക | 15420996 |
| 02 | വിദഗ്ദ്ധ / അവിദഗ്ദ്ധ തൊഴിലാളികൾക്ക് കൂലിയായി വിതരണം ചെയ്ത തുക | 13266647 |
| 03 | സാധനങ്ങളുടെ വിലയായി ആകെ നൽകിയ തുക | 1214200 |
| 04 | ഗ്രാമപഞ്ചായത്തിൽ തൊഴിൽ കാർഡുള്ള ആകെ കുടുംബങ്ങളുടെ എണ്ണം | 1680 |
| 05 | തൊഴിലിനായി രജിസ്റ്റർ ചെയ്ത വ്യക്തികളുടെ എണ്ണം | 86 |
| 06 | 2019-20 ൽ തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1098 |
| 07 | 2019-20 ൽ സൃഷ്ടിക്കപ്പെട്ട ആകെ തൊഴിൽ ദിനങ്ങൾ | 46899 |
| 08 | 2019-20 ൽ ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 42.7 |
| 09 | 2019-20 ൽ 100 ദിവസത്തെ തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 31 |
| 10 | 2019-20 ൽ ചെയ്ത ആകെ പ്രവൃത്തികളുടെ എണ്ണം | 144 |
| 11 | ആകെ പ്രവൃത്തികളിൽ കാർഷിക അനുബന്ധമേഖലയിലെ പ്രവർത്തികളുടെ എണ്ണം, ശതമാനം | 101, 70% |
| 12 | ആകെ പ്രവൃത്തികളിൽ അടിസ്ഥാനസൗകര്യവികസനം, ആസ്തി സൃഷ്ടിക്കൽ, പരിപാലനം എന്ന മേഖലകളിലെ പ്രവൃത്തികളുടെ എണ്ണം | 12 |

തൊഴിലുറപ്പ് പദ്ധതി പ്രകാരം വിഭാവനം ചെയ്തിട്ടുള്ള 100 തൊഴിൽ ദിനങ്ങൾ നൽകാൻ 2019-20 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. കേവലം 42.7 തൊഴിൽ ദിനങ്ങൾ മാത്രമാണ് ഒരു കുടുംബത്തിന് ലഭിച്ചിട്ടുള്ളത്. 100 തൊഴിൽ ദിനങ്ങളെങ്കിലും കുറഞ്ഞപക്ഷം ലഭിക്കാനുള്ള രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 അങ്കണവാടി പോഷകാഹാര പദ്ധതി- 2.5 ലക്ഷത്തിനുമേലുള്ള വാങ്ങലിന് ജി.എസ്.റ്റി. ഉറവിടത്തിൽ നിന്നും ഈടാക്കിയില്ല

2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ അങ്കണവാടി പോഷകാഹാര പദ്ധതിയിൽ (പ്രോജക്ട് നം.22/20) അമൃതം ഭക്ഷ്യ ധാന്യം ടെൻസ്റ്റാർ, വേഴപ്ര എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിൽ പദ്ധതി പ്രകാരം വിവിധ ബില്ലുകളിലായി 267034/-രൂപ, 74518/-രൂപ, 107171/- രൂപ എന്നിങ്ങനെ ആകെ 448723/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് & കസ്റ്റംസ് (CBIC)-ന്റെ നോട്ടിഫിക്കേഷൻ പ്രകാരം (50/2018 Central Tax Dt:13.09.2018) 01.10.2018 മുതൽ 2,50,000/- നു മേലുള്ള പർച്ചേസുകൾക്ക് (ടാക്സ് കംപോണന്റ് ഉൾപ്പെടാതെ 2.5 ലക്ഷത്തിന് മേൽ) ഉറവിടത്തിൽ നിന്നു 2% ജി.എസ്.റ്റി TDS ആയി കിഴിവ് ചെയ്യണമെന്നിരിക്കേ ഇപ്രകാരം ചെയ്തിട്ടില്ല. സ്ഥാപനത്തിന് നൽകിയ 448723/- രൂപയിൽ ടാക്സ് കംപോണന്റും 10/18 ന് മുൻപുള്ള ബിൽ തുകയായ 33320/- രൂപയും കിഴിച്ചിട്ടുള്ള (429450-33320) 396130 രൂപയിന്മേൽ 2% റ്റി.ഡി.എസ്. തുകയായ 7922/- രൂപ (CGST -3961 ; SGST- 3961) ഈടാക്കി ഒടുക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

പ്രോജക്ട് വിശദാംശം

അടങ്കൽ: 1681601/-

ചെലവ്: 1079008/-

(ബിൽ നം. 01/19-20/09.08.19 – 652151/-

ബിൽ നം. 03/19-20/30.08.19 – 46803/-

ബിൽ നം. 06/19-20/16.10.19 – 74518/-

ബിൽ നം. 13/19-20/11.02.20 – 7171/-

ചെക്ക് നം. :2783221/10.01.20 – 198365/-

ചെക്ക് നം. : 0489735/17.09.19- 100000/-)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 ടാർവീപ്പയുടെ വില ഈടാക്കിയില്ല

2019-20 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ടാർ ഉപയോഗിച്ച് നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികൾക്ക് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റുകളിൽ ടാറിന് പാക്ക്ഡ് ബിറ്റുമിന്റെ വിലയാണ് നൽകിയിട്ടുള്ളത്. എന്നാൽ ഫൈനൽ ബിൽ തയ്യാറാക്കി തുക നൽകിയപ്പോൾ ടാർ വീപ്പയുടെ വില കുറവ് ചെയ്യാതെ തുക നൽകി. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ വിവരങ്ങൾ | ഉപയോഗിച്ച ടാറിന്റെ അളവ്/കറയ്യേണ്ട ബാരലിന്റെ എണ്ണം | തുക (1 ബാരലിന് 250/- രൂപ പ്രകാരം) | കുറവ് |
|---|---|---|---|
| വാർഡ് 3-ൽ ആറുപറ മുതൽ മുതൽ രാമൻകരി എൽ.പി.എസ് വരെ ടാറിംഗ്<br>പ്രോജക്റ്റ് നം. -S0045/19<br>കരാറുകാരൻ - ശ്രീനാഥ്.പി.വി, പടിഞ്ഞാറേ പണ്ടാരത്തിൽ (എസ്റ്റിമേറ്റ് നിരക്ക്)<br>ബിൽ നം, തീയതി, തുക – 13/19-20, 27-07-19, 500000/- M Book – 21/18-19, | VG-30-966.11kg.- 06<br>RS1-125.92kg. - 01<br>SS1- 389.19kg. - 03<br>10 | 2500 | 2500 |
| | | ആകെ | 2500/- |

ഇപ്രകാരം തുക ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയഎൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-14/ 12-03-2021) ലഭിച്ച മറുപടിയിൽ തുക ഒടുക്കി രസീത് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 2500/- ഒടുക്കു വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -4

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2019-20 | 100000 | അഗതിരഹിത കേരളം | 0 | 100000 |
| | | 100000 | പാലിയേറ്റീവ് കെയർ | 100000 | 0 |
| | | 83570 | പാലിയേറ്റീവ് കെയർ (സ്പിൽ ഓവർ) | 79395 | 4175 |
| | | 200000 | അംഗൻവാടി പോഷകാഹാരം | 0 | 200000 |
| | | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| | | 100000 | വയോജനങ്ങൾക്ക് കട്ടിൽ | 99979 | 21 |
| | | 49000 | ലൈബ്രറികൾക്ക് പ്രസിദ്ധീകരണം | 49000 | 0 |
| ജില്ലാപഞ്ചായത്ത് | | 200000 | അംഗനവാടി പോഷകാഹാരം | 100000 | 100000 |
| | | 100000 | പാലിയേറ്റീവ് കെയർ | 0 | 100000 |
| | | 75000 | പാലിയേറ്റീവ് കെയർ(സ്പിൽ ഓവർ പ്രോജക്ട്) | 0 | 75000 |
| | | 3503 | ലൈഫ് ഭവന പദ്ധതി(സ്പിൽ ഓവർ പ്രോജക്ട്) | 0 | 3503 |
| | | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | കുട്ടികൾക്ക് സ്കോളർഷിപ്പ് | | |

4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | 7ാം വാർഡിൽ കോളനി നം.81 മുതൽ പടിഞ്ഞാറോട്ട് പൈപ്പ് ലൈൻ നീട്ടൽ | 15/19-20/ 10.10.2019 | 375000 | 375000 | 0 |
| | ചെറുവള്ളിമുതൽ രാമങ്കരി അമ്പലം വരെപൈപ്പ് ലൈൻ നീട്ടൽ | 17/19-20/ 24.12.2019 | 450000 | 450000 | 0 |
| | കോട്ടയിൽ മുതൽ നെല്ലുവേലി വരെ പൈപ്പ് ലൈൻ നീട്ടൽ | 18/19-20/ 24.12.2019 | 50000 | 50000 | 0 |

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുളള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(Ms)68/2018 L S G D Dtd.18.05.2018 | 4648634 | 4648634 | 376281 | | 4272353 |

4-6. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1000000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 1000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1000000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| | സബ്ട്രഷറി.മങ്കൊമ്പ് | 24.10.2018 | മൂന്ന് വർഷം | 1000000 | |

| | | |
|---|---|---|
| ആകെ | 1000000 | |

4-7. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2010-11 | 2(3) | 500 | ശ്രീ.കെ.ജെ.സാബു | 119020101868 /13.11.2019 |
| 2010-11 | 2(3) | 144 | ശ്രീ.ജോസഫ് കുര്യൻ | 119020101869 /13.11.2019 |
| ആകെ | | 644 | | |

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം. | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
| 2015-16 | 2-2(5) | 2016-17 | 2-2 | തൊഴിൽ നികുതി സംബന്ധിച്ച് | തൊഴിൽ നികുതി ഈടാക്കി മറുപടി സമർപ്പിച്ചു. |

4-9. ചാർജ് / സർചാർജ് നടപടികളുടെ വിവരം.

ഇല്ല

4-10. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 31811527 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 31279383 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1569080 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 2500 | ശ്രീമതി ശിഖാരവി, അസിസ്റ്റന്റ് എൻജിനീയർ |
| | | | |
| ആകെ | | 2500 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-22 | 500000 | ശ്രീ.വി.എം.സജി, സെക്രട്ടറി |
| 1-22(1) | 375000 | ശ്രീമതി.ശിഖാരവി, അസിസ്റ്റന്റ് എൻജിനീയർ |
| 1-23 | 400000 | ശ്രീ.ഉദയകുമാർ. സി, ഹെഡ്മാസ്റ്റർ, ഗവ.യു.പി.സ്കൂൾ |
| 1-24 | 205080 | ശ്രീ.ഉദയകുമാർ. സി, ഹെഡ്മാസ്റ്റർ, ഗവ.യു.പി.സ്കൂൾ |
| 1-25 | 40000 | ശ്രീ.ഉദയകുമാർ. സി, ഹെഡ്മാസ്റ്റർ, ഗവ.യു.പി .സ്കൂൾ |
| 1-26 | 49000 | ശ്രീ.ഉദയകുമാർ. സി, ഹെഡ്മാസ്റ്റർ, ഗവ.യു.പി.സ്കൂൾ |
| ആകെ | 1569080 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം.1-35 തുക 7922/- (CGST-3961,SGST-3961)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വി.എം.സജി, സെക്രട്ടറി | സെക്രട്ടറി, രാമങ്കരി ഗ്രാമപഞ്ചായത്ത് | വലിയപറമ്പിൽ, പുന്നപ്ര പി.ഒ, ആലപ്പുഴ |
| ശിഖാ രവി, അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ, രാമങ്കരി ഗ്രാമപഞ്ചായത്ത് | 2 ജെയ്ക്ക് അപ്പാർട്ട്മെന്റ്, കണ്ണുപ്പള്ളിൽ, എം.സി.റോഡ്, കോട്ടയം686016 |
| ജെസ്സി വർഗ്ഗീസ്, അസി.സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, രാമങ്കരി ഗ്രാമപഞ്ചായത്ത് | ചെന്നാട്ടുശ്ശേരി ചിറയിൽ, രാമങ്കരി പി.ഒ, ആലപ്പുഴ |
| റോസമ്മ. കെ.ബി, ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ, രാമങ്കരി | കളരിക്കൽ, തുമ്പോളി പി.ഒ, ആലപ്പുഴ |
| ഉദയകുമാർ സി, ഹെഡ്മാസ്റ്റർ, ഗവ.യു.പി.സ്കൂൾ | ഹെഡ്മാസ്റ്റർ, ഗവ.യു.പി.സ്കൂൾ, വെള്ളിയാകുളം | പട്ടത്താനത്ത് ഹൗസ്, എസ്.എൽ.പുരം പി.ഒ, ചേർത്തല-688523 |

4-11. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1994-95,<br>1995-96 | എൽ.എഫ്.എ.10/937/97/30.05.1999 |
| 1999-00 | എൽ.എഫ്.എ.14/982/01/22.10.2001 |
| 2006-07,<br>2007-08,<br>2008-09<br>2009-10 | എൽ.എഫ്.ജിഎ.5/1578/13/21-05-2014 436727 |
| 2010-11 | എൽഎഫ്.പി10/1294/12/19-11-2012/12.12.2012 |
| 2011-12,<br>2012-13 | എൽഎഫ്.പി10/190/14/25-04-2014/15.07.2014 |
| 2013-14 | കെ.എസ്.എ/എഎൽപി/പി-10/1086/15/06.08.2015 |

| | |
|---|---|
| 2014-15 | കെ.എസ്.എ/എഎൽപി/പി-10-641/16/09.06.2016/25.07.2016 |
| 2015-16 | കെ.എസ്.എ/എഎൽപി/പി-10-45/17 തീയതി 23.01.2017 |
| 2016-17 | കെ.എസ്.എ/എഎൽപി/പി-10-667/17 തീയതി. 08.06.2017 |
| 2017-18 | കെ.എസ്.എ/എഎൽപി/പി-10-318/19 തീയതി.06.05.2019 |
| 2018-19 | കെ.എസ്.എ/എഎൽപി/പി-10-199/2020 തീയതി.29.05.2020 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്